# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 7 പേജുകൾ 43 ഒക്ടോബർ 2022



എൻ ഊര് വിശേഷങ്ങളുമായി
**താര അതിയടത്ത്**

ഗിരീഷ്കുമാറിന്റെ കമ്പോഡിയൻ ഡയറി

സമകാലികം
റിഥം ഓഫ് ലൈഫ്
കഥ, കവിത

## അശീതികൻ എം. മുകുന്ദൻ




അശീതിയും കടന്ന് മലയാളത്തിന്റെ പ്രിയകഥാകാരൻ. രചനയുടെ അമ്പതാം വർഷത്തിലെത്തിയ പ്രസിദ്ധ നോവൽ 'ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു' ഉൾപ്പെടെ പ്രസിദ്ധീകരിച്ചത് 17 നോവലുകളും 13 ചെറുകഥാസമാഹാരങ്ങളും. 'അനുഭവം ഓർമ്മ യാത്ര' എന്ന ഓർമ്മക്കുറിപ്പ് വേറിട്ട വായനാനുഭവം സമ്മാനിക്കും. രചനകളിൽ പലതും വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. സാഹിത്യ അക്കാദമിയുടെ അവാർഡുകൾക്കൊപ്പം വയലാർ അവാർഡും എഴുത്തച്ഛൻ പുരസ്കാരവും ജെസിബി പ്രൈസും മറ്റനേകം പുരസ്കാരങ്ങളും ഏറ്റുവാങ്ങി. ഫ്രഞ്ച് അധീന മാഹിയിൽ 1942 സെപ്റ്റംബർ 10നായിരുന്നു ജനനം. ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായിരുന്നു.

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# എഡിറ്റേഴ്സ് പേജ്



യാത്രകൾ ഇഷ്ടപ്പെടുന്നവർക്കും വിവിധ കാരണങ്ങളാൽ യാത്ര അസാധ്യമായിതീർന്നവർക്കും അനുഭവവിവരണങ്ങൾ നൽകാനാകുംവിധം, ഒരു പുതിയ പംക്തി മാസികയിൽ സമാരംഭിക്കുകയാണ് - യാത്ര! സ്വദേശത്തും വിദേശത്തും പരക്കെ യാത്ര ചെയ്യുന്നവർ ഇന്ന് ഏറെയാണ്. ഇവരിൽനിന്നും വ്യത്യസ്തതയുള്ള യാത്രാവിവരണങ്ങൾ ക്ഷണിക്കുന്നു.

ഗോത്രപൈതൃകഗ്രാമമായ 'എൻ ഊര്' സന്ദർശിച്ചതിന്റെ വിവരണവുമായി താരാപ്രഭാകറും, കമ്പോഡിയൻ ഡയറിക്കുറിപ്പുമായി ഗിരീഷ്കുമാറും 'യാത്ര'യ്ക്ക് തുടക്കമിടുന്നു. തുടർന്നുള്ള ലക്കങ്ങളിൽ 'യാത്ര' തുടരും.

ഇന്റർനെറ്റ് പ്രചാരം നേടുംമുമ്പ്, ഫോണിൽ സംസാരിക്കുന്നതിന് ട്രങ്ക് കോൾ ബുക്ക് ചെയ്ത് മണിക്കൂറുകളോളം കാത്തിരിക്കേണ്ടിവന്നിരുന്ന എന്റെ യൗവനാരംഭനാളുകളിൽ നടത്തിയ ഭാരതയാത്ര, ഈയവസരത്തിൽ ഓർത്തുപോകുന്നു. ബാങ്ക് ബാലൻസില്ല. എടിഎം കാർഡില്ല. കാലിപോക്കറ്റുമായി ഒരു ദീർഘയാത്ര.


ഇന്ത്യൻ ജുഡീഷ്യൽ റിപ്പോർട്സ് എന്നു പേരുള്ള ഒരു നിയമബന്ധിത മാസിക വക്കീലന്മാർക്ക് പരിചയപ്പെടുത്തുകയെന്ന ദൗത്യമായിരുന്നു ഏൽപ്പിക്കപ്പെട്ടത്. ആർ.സി. പെരുമാൾ എന്ന സുഹൃത്തിനൊപ്പം രണ്ടരവർഷം വിവിധ സംസ്ഥാനങ്ങളിൽ അലഞ്ഞു. പറഞ്ഞുറപ്പിച്ചിരുന്ന ആനുകൂല്യങ്ങൾ ലഭിക്കാതായതോടെ, യാത്ര ദുരിതമുഖം കണ്ടു. ഇന്നു 'ഭക്ഷണത്തിനെന്തു ചെയ്യും' എന്ന വേവലാതിയുമായി ഉണർന്ന പ്രഭാതങ്ങൾ. ഹോട്ടൽ വാടക തീർക്കാനെന്തുചെയ്യും എന്നോർത്ത് ഉറക്കം നഷ്ടപ്പെട്ട രാത്രികൾ. അങ്ങനെ... അങ്ങനെയും ഒരു യാത്ര!

യാത്രകളിൽ ഹർഷങ്ങളോടൊപ്പം മുറിവുകളും ഏറ്റെന്നിരിക്കാം. ലക്ഷ്യം കാണാതെ പിന്തിരിയേണ്ടിവന്നെന്നിരിക്കാം. അതിൽനിന്നെല്ലാം വ്യത്യസ്ത സന്ദർഭങ്ങൾ അടർത്തി എഴുതുക. പുതിയ പംക്തിയിൽ നമുക്കത് ചേർക്കാം. അങ്ങനെ നമ്മുടെ യാത്രയിൽ ഒരു സമൂഹത്തെയും ഒപ്പം കൂട്ടാം.

സമകാലികം, റിഥം ഓഫ് ലൈഫ്, കാർട്ടൂൺ കേരളം പംക്തികളോടൊപ്പം വായന ആവശ്യപ്പെടുന്ന കവിതകളും കഥകളും പുതിയ ലക്കത്തിലുണ്ട്. കോവിഡിനുശേഷം തുറക്കപ്പെട്ടലോകം, നഷ്ടമായവ തിരിച്ചുപിടിക്കുന്നതിനുള്ള ആവേശത്തിലാണ്. സർഗസൃഷ്ടികളാൽ ഈ ആവേശതുലാസിന്റെ ഒരു തട്ട് നമുക്ക് നിറയ്ക്കാം. പ്രകൃതിയുടെ സന്തുലനം അതാവശ്യപ്പെടുന്നുണ്ടെന്നും ഓർക്കാം.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:




രാജേശ്വരി തുളസി

## അകത്താളുകളിൽ


### ലേഖനം/പംക്തി

| | |
|---|---|
| ഫ്രാങ്കോ ലൂയിസ്: | പേജ് 8 |
| തേജശ്രീ: | പേജ് 12 |
| കെ.ആർ.ജോൺസൺ | പേജ് 24 |

### കാർട്ടൂൺ

| | |
|---|---|
| രാജേശ്വരി തുളസി | പേജ് 3 |

### യാത്ര

| | |
|---|---|
| താര അതിയടത്ത് | പേജ് 15 |
| ഗിരീഷ്കുമാർ വി | പേജ് 21 |

### കഥ

| | |
|---|---|
| വഴിത്തല രവി | പേജ് 5 |
| രേഖ ദിനു | പേജ് 32 |
| ജോഷി ബാലകൃഷ്ണൻ | പേജ് 38 |

### കവിത

| | |
|---|---|
| എ.കെ.അനിൽകുമാർ | പേജ് 4 |
| ശ്രീജ വിജയൻ | പേജ് 25 |
| സെയ്തലവി വിളയൂർ | പേജ് 26 |
| കൃഷ്ണകുമാർ മാപ്രാണം | പേജ് 27 |
| ശ്രീജ വിധു | പേജ് 28 |
| കയ്യുമ്മു കോട്ടപ്പടി | പേജ് 29 |
| ദിവ്യ ബി. കമ്മത്ത് | പേജ് 30 |
| രാജു കാഞ്ഞിരങ്ങാട് | പേജ് 31 |
| റീജാ മോഹൻദാസ് പി. | പേജ് 34 |
| സരസ്വതി കെ.എം. | പേജ് 35 |
| ചാക്കോ ഡി. അന്തിക്കാട് | പേജ് 36 |
| സതീഷ് കളത്തിൽ | പേജ് 37 |
| ആന്റണി കൈതാരത്ത് | പേജ് 43 |

# എന്തിനെന്നറിയാതെ




എ. കെ. അനിൽകുമാർ

എന്തിനെന്നറിയാതെ
വെറുതെയൊരു സങ്കടം
മനസ്സിൻ മിഴിത്തുമ്പിലിറ്റു
വീഴാൻ കൊതിച്ചുനിൽപ്പൂ.
നിന്നെയോർത്താവില്ല സഖീ
നീയെനിക്കത്രമേൽ പുണ്യമല്ലേ
നിൻവിരൽതൊട്ട നേരമത്രയും
ഒരുകടൽ ഉള്ളിൽപ്പതഞ്ഞതല്ലേ.

എന്തിനെന്നറിയാതെ
ഒരു കാലവർഷപ്പുതപ്പൊന്നു
മനസ്സിൻ ഇടങ്കോണിൽ
പെയ്തൊഴിയാൻ വെമ്പിനിൽപ്പൂ.
നമ്മെയോർത്താവില്ല സഖീ
നമ്മളൊന്നായ് പെയ്തുനനഞ്ഞൊരാ
സങ്കടപ്പെയ്ത്തിന്നോർമ്മകൾ
നെഞ്ചിൽ വീണു പിടഞ്ഞതല്ലേ.

എന്തിനെന്നറിയാതെ
രാക്കിളിയൊച്ചയൊന്നുണ്ടു
മനസ്സിൻ ജാലകവാതിലിൽ
വന്നുമുട്ടി തിരികെമടങ്ങുന്നു.
അറിയാതുള്ളം പിടഞ്ഞുവോ സഖീ
നമ്മളുപേക്ഷിച്ച രാക്കിനാവിലെ
നോവും ഓർമ്മത്തുരുത്തുപോൽ
ഒരുതിരയുള്ളിൽ കരഞ്ഞതല്ലേ.



ചെറുകഥ





വഴിത്തല രവി

# ഒരു 'ബ്രേക്ക്അപ്പ്' ബാക്കിപത്രം

**കു**മ്പസാരിക്കണം. കുരിശുപള്ളിയിൽ മെഴുകുതിരി കത്തിച്ച് കുന്നുകയറി മെഴ്സി പള്ളിയിൽ ചെല്ലുമ്പോൾ, അച്ചൻ എന്തോ കുടുംബപ്രശ്നങ്ങളുമായി വന്നവരോട് സംസാരിക്കുകയായിരുന്നു. കാത്തിരിക്കാൻ കപ്യാർ പറഞ്ഞു. അഴിയിട്ട വരാന്തയോരത്ത് ഇരിക്കാൻ അവൾ ഒരിടം കണ്ടെത്തി. സമയം വൈകിട്ട് അഞ്ചുമണിയാകുന്നു.

ജസ്റ്റിനുമായുള്ള വിവാഹം ഏകദേശം ധാരണയായിട്ടുണ്ട്. വിദേശത്തുനിന്നും അവധികിട്ടി എത്തിയാൽ മനഃസ്സമ്മതവും കെട്ടുകല്യാണവും അടുത്തടുത്ത ദിവസങ്ങളിൽ നടക്കും. അതിങ്ങെത്തുംമുമ്പ് മനസ്സിലുള്ള തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് സ്വസ്ഥമാകണം. തന്റെ വാക്കുകളിലും പ്രവൃത്തികളിലും ന്യായങ്ങളുണ്ടായിരിക്കാം. ഇല്ലായിരിക്കും. അത് വിധിക്കേണ്ടത് താനല്ലല്ലോ.

കർത്താവ് ഈശോമിശിഹായുടെ മുമ്പിൽ മനസ്സു തുറക്കാൻ അവൾക്ക് തിടുക്കമായി. അവിടുന്ന് തീരുമാനിക്കട്ടെ ശരിതെറ്റുകൾ.

വേദപാഠക്ലാസിലെ കുട്ടികൾ അടുക്കിവെച്ച പ്രാർത്ഥനാപുസ്തകങ്ങളിലൊന്ന് അവൾ അശ്രദ്ധമായി മറിച്ചുനോക്കി. മനസ്സ് ഒന്നിലും ഉറച്ചുനില്ക്കുന്നില്ല. അത് എങ്ങോട്ടൊക്കെയോ അലക്ഷ്യമായി പറന്നുപോയിക്കൊണ്ടിരുന്നു.

ഇപ്പോഴുമുണ്ട് അവളുടെ ഉള്ളിൽ ഒരു 'ബ്രേക്ക് അപ്'ന്റെ നടുക്കം. അതെ... അവളുടെ ജീവിതത്തിൽ പ്രേമസുരഭിലമായ ഒരു കാലമുണ്ടായിരുന്നു. നിരന്തരമായ കണ്ടുമുട്ടലുകളിലൂടെ... ഇടപെടലുകളിലൂടെ രൂപപ്പെട്ട ഒരാത്മബന്ധം എപ്പോഴും കാണണം. തൊട്ടുരുമ്മി നടക്കണം. കൊതിതീരെ മനസ്സുതുറന്ന് വർത്തമാനം പറയണം എന്നൊക്കെ തോന്നിയ നാളുകൾ. കോളജിലേക്കുള്ള യാത്രയിലാണ് വിപിൻ മോഹൻ മനസ്സിൽ കയറിക്കൂടിയത്. കാനഡയിൽനിന്ന് മമ്മി തന്റെ അക്കൗണ്ടിലിടുന്ന ചെറുതല്ലാത്ത തുകകൾ ആ ബന്ധത്തെ ചേതോഹരമാക്കി. ജീവിതം മധുരതരമാണെന്ന് തിരിച്ചറിയുമ്പോഴത്തെ സുഖം. പപ്പയുടെ കണ്ണുവെട്ടിച്ച് ടൂറിസ്റ്റുകേന്ദ്രങ്ങളിലും റിസോർട്ടുകളിലും സ്വപ്നങ്ങൾക്കൊപ്പം മനസ്സും ശരീരവും പുളകച്ചാർത്തണിഞ്ഞു. ഒന്നിച്ചൊരു ജീവിതം തീർച്ചപ്പെടുത്തിയിരുന്നതിനാൽ

അടുപ്പത്തിനും ഇടപെടലിനും അതിരുകൾ കല്പിച്ചിരുന്നില്ല.

ഉപാധികളില്ലാതെ സ്നേഹിച്ചു. വിശ്വസിച്ചു.

എന്നാൽ ആ വിശ്വാസത്തിന് ക്ഷതമേറ്റത് എത്രവേഗം!

ജീവൻ നല്കി പടുത്തുയർത്തിയ ആ സ്നേഹസൗധം പൊട്ടിത്തകരുന്നത് നെഞ്ചുരുകി നോക്കിനില്ക്കേണ്ടിവന്നു.

അവകാശപ്പെട്ടിരുന്നതുപോലെ വിപിൻ മോഹൻ എം.ബി.എ പോയിട്ട് പ്ലസ് ടു പോലും പാസായിട്ടില്ല എന്നറിഞ്ഞതായിരുന്നു തുടക്കം. സ്വന്തമായി 'സ്റ്റാർട്ട് അപ്' ഉണ്ടെന്നു പറഞ്ഞതും വെറുതെ. കാണാൻ വരുമ്പോൾ ഉപയോഗിച്ചിരുന്ന കാറും ബൈക്കുമൊന്നും സ്വന്തമായിരുന്നില്ല എന്നറിയുമ്പോൾ കാപട്യത്തിന്റെ ആഴം എത്രയാണെന്ന് തിരിച്ചറിയാമല്ലോ. ആ വിശ്വാസവഞ്ചനക്ക് മാപ്പുനല്കാൻ മനസ്സ് ഒരുക്കമല്ലായിരുന്നു.



എന്തിനാണ് കള്ളം പറഞ്ഞത്?

എന്തു നേടാനാണ് ഇല്ലാത്ത വലുപ്പം നടിച്ചത്?

ചതിയനാണെന്ന് അറിഞ്ഞപ്പോൾ എല്ലാം ഉപേക്ഷിച്ചു.

കാണാൻ വരരുതെന്നും ബന്ധപ്പെടാൻ ശ്രമിക്കരുതെന്നും കർശനമായി പറഞ്ഞു. എന്നിട്ടും ക്ഷമായാചനയുമായി അവതരിക്കാൻ ഒരു മടിയുമില്ലായിരുന്നു. തന്നെ കൂടാതെ ജീവിക്കാൻ കഴിയില്ല എന്നു തുടങ്ങി ഒരുപിടി ന്യായവാദങ്ങൾ നിരത്താനും അവൻ ധൈര്യം കാണിച്ചു. പ്രലോഭനങ്ങൾക്ക് വഴങ്ങാതായപ്പോൾ ഭീഷണി ഉണ്ടാകുമെന്നാണ് കരുതിയത്. പിന്നെപ്പിന്നെ വല്ലപ്പോഴും അവൻ വിളിച്ചാലും ഞാൻ ഫോൺ എടുക്കാതായി. മെസ്സേജുകൾ വായിക്കാതെ ഡിലീറ്റു ചെയ്തു. സാവധാനം അതങ്ങു കെട്ടടങ്ങി.

എന്നാലും പറഞ്ഞറിയിക്കാനാവാത്ത മാനസിക സംഘർഷമായിരുന്നു. ഊരാക്കുടുക്കിൽനിന്ന് തല ഊരണം എന്ന ആഗ്രഹവും.

മമ്മിയുടെ ഫ്രണ്ടിന്റെ മകൻ കാനഡയിൽ ജോലിചെയ്യുന്ന ജസ്റ്റിൻ മാത്യുവിന്റെ വിവാഹാലോചനവന്നത് അക്കാലത്താണ്. അത് അനുഗ്രഹമായി.

ഒന്നുരണ്ടു ഗൂഗിൾ മീറ്റിലൂടെ കുടുംബാംഗങ്ങൾ ചേർന്ന് അതങ്ങു തീർച്ചപ്പെടുത്തി.

'മെഴ്സിക്കുഞ്ഞെ...'

കപ്യാരാണ്. അവൾ തല ഉയർത്തി.

'അച്ചൻ വിളിക്കുന്നുണ്ട്... ചെല്ല്.'

തിരുവസ്ത്രം ധരിച്ച് കുമ്പസാരക്കൂട്ടിൽ അച്ചൻ കാത്തിരിക്കുകയായിരുന്നു. മാറിലെ ഷാൾ തലവഴി ഉയർത്തിയിട്ട് മനസ്സിലെ ഭാരം മുഴുവൻ അവൾ അച്ചന്റെ മുമ്പിൽ ഇറക്കിവെച്ചു.

എന്നും ഒപ്പമുണ്ടാവുമെന്നും ഒരായുസ്സു മുഴുവൻ ഒരുമിച്ചു ജീവിക്കുമെന്നും മനസ്സിലുറപ്പിച്ചിട്ട് പെട്ടെന്നൊരു ദിവസം എല്ലാം വേണ്ടെന്നുവയ്ക്കുക. അതിന് എന്തൊക്കെയോ കാരണങ്ങൾ കണ്ടെത്തുക. അധികം താമസിയാതെ മറ്റൊരു ബന്ധത്തിന് പച്ചക്കൊടി കാണിക്കുക.

പഴയ തലമുറക്കാരനായ അച്ചന് ആശ്ചര്യം തോന്നി. എങ്കിലും ഒന്നു മാത്രം പറഞ്ഞു.

'കർത്താവ് ഈശോമിശിഹാ തമ്പുരാൻ എന്നും എപ്പോഴും ഒപ്പമുണ്ടാകും. പ്രാർത്ഥിക്കുക.'

അവൾക്ക് ആശ്വാസമായി.

ഇരുട്ടുംമുമ്പേ... വീട്ടിലെത്താൻ അവൾ പള്ളിപ്പടവുകൾ വേഗം വേഗം ഓടിയിറങ്ങി.

വീട്ടിലെത്തി മേലുകഴുകി വേഷംമാറി ഒരു കപ്പു ഹോർലിക്സുമായി ബാൽക്കണിയിലിരിക്കുമ്പോൾ അവളുടെ ഫോണിലേക്ക് ഒരു കോൾവന്നു. പരിചയമില്ലാത്ത നമ്പരാണ്.

വിവാഹം തീർച്ചപ്പെടുത്തിയതിനുശേഷം ജസ്റ്റിൻ മാത്യുവിന്റെ നാട്ടിലുള്ള വീട്ടിൽ നിന്നും ചിലരൊക്കെ വിളിക്കാറുണ്ട്. അടുപ്പം തോന്നിയ കസിൻ സിസ്റ്റേഴസും ബ്രദേഴ്സുമൊക്കെ.

അവൾ ഫോണെടുത്തു.

'ഫോൺ കട്ടുചെയ്യരുത്. ഞാൻ വിപിൻ മോഹനാണ്.'

ശബ്ദം കേട്ടതും അവൾ കോപംകൊണ്ട്

ജ്വലിച്ചു.

'എന്തിനാണ് എന്നെ വിളിച്ചത്? എല്ലാം അവസാനിപ്പിച്ചു എന്ന് ഞാൻ പറഞ്ഞതല്ലേ?'

'പഴയകാര്യങ്ങൾ പറഞ്ഞ് ശല്യം ചെയ്യാനല്ല മേഴ്സി. ഇതെന്റെ ലാസ്റ്റ് കോളാണ്. ഇനി ഞാൻ വിളിക്കില്ല. വിവാഹം കഴിഞ്ഞു പോയാൽ പിന്നെ നാം ഒരിക്കലും കാണില്ലല്ലോ. പ്രായത്തിന്റെ ചാപല്യംകൊണ്ട് അരുതാത്തതൊക്കെ സംഭവിച്ചു. എനിക്ക് ആ മുഖത്തുനോക്കി എന്റെ നെഞ്ചിൽ കൈവെച്ച് മാപ്പുപറയണം. പിന്നെ മേഴ്സി എനിക്ക് സമ്മാനിച്ച ഫോൺ തിരിച്ചേല്പിക്കണം. അത്രയേ വേണ്ടൂ.'

വിപിൻ മോഹനിൽ സംഭവിച്ച മനംമാറ്റം അവൾക്ക് ആശ്വാസമായിത്തോന്നി. അവൾ കേട്ടുനിന്നതേയുള്ളൂ.

'നാം പതിവായി കണ്ടുമുട്ടിയിരുന്ന പള്ളിപ്പിടിയിലെ വെയ്റ്റിംഗ് ഷെഡിനു പിന്നിലെ വഴിയിൽ ഒരിക്കൽ മാത്രം വരണം. ബുധനാഴ്ച രാവിലെ പത്തരമണിക്ക് ഞാൻ അവിടെ കാത്തുനില്ക്കും.'

സമ്മതം പറയാതെ അവൾ കോൾ കട്ടു ചെയ്തു.

പോണോ... വേണ്ടായോ....

അതായി അവളുടെ ചിന്ത. വിപിൻ മോഹന്റെ മനസ്സുമാറി. എല്ലാം അവസാനിപ്പിക്കാൻ തയ്യാറായതു സമാധാനം നല്കുന്നതായി അവൾക്കു തോന്നി. മറ്റൊന്ന് തങ്ങളിരുവരും പങ്കുവച്ച സ്നേഹനിമിഷങ്ങളുടെ ഓർമ്മച്ചിത്രങ്ങൾ, അതും കുറച്ചൊക്കെ ഇന്റിമേറ്റായ ഫോട്ടോസ് തീർച്ചയായും ആ ഫോണിലുണ്ടെന്ന് അവൾ ഓർത്തു. അത് തിരികെ ഏല്പിക്കാൻ തയ്യാറാണെന്നും പറഞ്ഞിട്ടുണ്ട്. എത്ര സ്നേഹിച്ചിരുന്നതാണ്.... എന്തൊക്കെ സ്വപ്നങ്ങളും പ്രതീക്ഷകളും പങ്കുവച്ചവരാണ് തങ്ങളിരുവരും. ഒരിക്കൽ മാത്രമല്ലേ വേണ്ടൂ.

വിപിൻ മോഹനെ കാണാൻ തന്നെ അവൾ തീരുമാനിച്ചു.

ബുധനാഴ്ച.

എൻട്രൻസ് കോച്ചിംഗ് സെന്ററിൽ ക്ലാസ് എടുക്കാൻ പപ്പ പോകുന്നതുവരെ അവൾ ക്ഷമയോടെ കാത്തിരുന്നു. കോളജിൽ നിന്നും പെൻഷൻ ആയെങ്കിലും ശനിയും ഞായറുമടക്കം പപ്പ തിരക്കിലായത് നന്നായെന്ന് അവൾക്കു തോന്നി. സമയം പത്തര കഴിഞ്ഞു. വിപിൻ മോഹൻ പറഞ്ഞ സമയം. അവൻ വീണ്ടും വിളിക്കും മുമ്പ് അങ്ങെത്തണം. ഒരുങ്ങിപുറത്തിറങ്ങുമ്പോൾ സ്കൂട്ടറിന് പിണക്കം. ഒരാഴ്ചയായി സ്കൂട്ടർ കൈകൊണ്ട് തൊട്ടിട്ട്. മെയിൻ സ്റ്റാൻഡിലിട്ട് കിക്ക് ചെയ്ത് സ്റ്റാർട്ടാകുമ്പോൾ പിന്നെയും വൈകി.

റോഡിൽ തിരക്കു കുറവായിരുന്നു. മുമ്പൊക്കെ വിപിൻ മോഹനെ കാണാൻ പോകുമ്പോഴുള്ള ആവേശവും ഉത്സാഹവുമൊന്നും അവൾക്കില്ലായിരുന്നു. അവൾ സാവധാനമാണ് സ്കൂട്ടർ ഓടിച്ചത്. രണ്ടു കിലോമീറ്റർ ദൂരമെത്താൻ പത്തുമിനിറ്റിലധികം വേണ്ടല്ലോ.

ഗവൺമെന്റ് സ്കൂളിന് മുമ്പ് ഇറക്കവും വളവും ഒന്നിച്ചുള്ള ജംഗ്ഷനിൽ എത്തിയപ്പോൾ ഒരാൾക്കൂട്ടം കണ്ട് അവൾ വേഗത കുറച്ചു. ആക്സിഡന്റാണെന്നു തോന്നുന്നു.

മണ്ണു കയറി വന്ന ടിപ്പർ ലോറിയിൽ ഇറക്കം ഇറങ്ങിവന്ന ബൈക്ക് ഇടിച്ച് ഒരാൾ റോഡുവക്കിൽ ചോരയൊലിപ്പിച്ച് കിടക്കുന്നുണ്ട്. കൈയും കാലും ഒടിഞ്ഞുതൂങ്ങിയതുപോലെ. ഹെൽമറ്റ് ധരിച്ച മട്ടു കാണുന്നില്ല. അതോ തെറിച്ചുപോയതാണോ? തലയിൽ മുറിവും ചോരയുമുണ്ട്.

കാഴ്ചക്കാരായി കൂടിനില്ക്കുന്നവർ അയാളെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കാത്തതെന്താണ്?

പ്രായംചെന്ന ഒരാളോട് അവൾ അക്കാര്യം ചോദിച്ചു. അയാൾ പറഞ്ഞു:

'പോലീസിനും ആംബുലൻസിനും വിളിച്ചിട്ടുണ്ട്.'

'അതൊക്കെ എത്തുമ്പോഴേക്കും അയാൾ മരിച്ചുപോകുമല്ലോ. ഏതെങ്കിലും വാഹനം തടഞ്ഞുനിർത്തി അയാളെ എടുത്ത് ആശുപത്രിയിൽ എത്തിക്കുകയാണു വേണ്ടത്. വരൂ... ഞാനും പിടിക്കാം.'

'വേണ്ട കുട്ടീ... ആ ദേഹത്തു തൊടരുത്."

'എന്തേ...?'

'അപകടത്തിൽ പെട്ടയാൾ ഷർട്ടിനുള്ളിൽ ഒളിപ്പിച്ചിരുന്ന ആസിഡ് നിറച്ച കുപ്പി പൊട്ടി ദേഹമാസകലം പൊള്ളിയിരിക്കുകയാണ്. തൊട്ടാൽ തൊടുന്നവരുടെ കൈ വെന്തുനീറും.'

കൂടിനില്ക്കുന്ന ജനങ്ങൾക്കു നേരെ ദീനസ്വരത്തിൽ ആ ചെറുപ്പക്കാരൻ തന്നെ രക്ഷിക്കൂ... എന്ന് വിലപിക്കുന്നുണ്ടായിരുന്നു. സ്കൂട്ടർ ഒതുക്കിനിർത്തി മേഴ്സി അടുത്തെത്തി അയാളെ നോക്കി. ആ നിമിഷം ഒരു ഞെട്ടലോടെ അവൾ തിരിച്ചറിഞ്ഞു. അത് വിപിൻ മോഹനായിരുന്നു.

●

# കര കയറുമോ, കോൺഗ്രസ്





ഫ്രാങ്കോ ലൂയിസ്

**ബി**ജെപി കഴിഞ്ഞാൽ രാജ്യത്തെ ഏറ്റവും വലിയ പാർട്ടിയാണു കോൺഗ്രസ്. അങ്ങനെ രണ്ടാം സ്ഥാനത്തേക്കു പതിച്ച കോൺഗ്രസിനെ വീണ്ടെടുക്കാൻ നടന്നു കഷ്ടപ്പെടുകയാണ് കുറേപേർ. അധികാര ലഹരിയിൽ മതിമറന്ന്, ഇരിക്കുന്ന കൊമ്പു മുറിക്കുന്ന വേറൊരു കൂട്ടർ. സർക്കസ് കൂടാരത്തിലേതുപോലെ രസകരമായ കെട്ടുകാഴ്ചകളാണു കോൺഗ്രസ് നേതാക്കൾ ഒരുക്കുന്നത്. സർക്കസിലെ ട്രിപ്പീസും ബഫൂൺ ഷോയും റിംഗ് മാസ്റ്ററുടെ വളയമെറിയലും വളയം പൊട്ടിച്ചോടലുമെല്ലാം കാണുമ്പോൾ ചിരിയും സഹതാപവുമെല്ലാം തോന്നും.

തകർച്ചയിൽനിന്നു കരകയറാനുള്ള പോരാട്ടത്തിലാണ് കോൺഗ്രസ്. ഇപ്പോൾ നാം കാണുന്ന എഐസിസി പ്രസിഡന്റ് തെരഞ്ഞെടുപ്പും രാഹുൽഗാന്ധി നയിക്കുന്ന 'ഭാരത് ജോഡോ യാത്ര'യും പാർട്ടിയെ ഊർജസ്വലമാക്കാനുള്ള യുദ്ധംതന്നെയാണ്. എഐസിസി പ്രസിഡന്റു സ്ഥാനത്തേക്ക് യോഗ്യനായ ഒരാളെ കണ്ടെത്താൻ ഓടി നടക്കേണ്ട ഗതികേടിലാണ് കോൺഗ്രസ് നേതാക്കൾ. പണിയെടുക്കേണ്ടതും പഴി കേൾക്കേണ്ടതുമായ കസേരയാണത്. ആ കസേര വേണ്ടേ വേണ്ട എന്നാണ് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ടും മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി കമൽനാഥുമെല്ലാം പറയുന്നത്. ഞാൻ റെഡിയെന്നു പറയുന്നതു ശശി തരൂർ മാത്രം. ഗാന്ധി കുടുംബാംഗങ്ങൾ അട

ക്കമുള്ള സീനിയർ നേതാക്കൾ പ്രഥമ പരിഗണന നൽകിയ രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ട് വെറും അധികാരക്കൊതിയനായ വഞ്ചകനാണെന്ന് സോണിയാഗാന്ധിക്കുപോലും കഴിഞ്ഞയാഴ്ചയാണു തിരിച്ചറിയാൻ കഴിഞ്ഞത്.

പാർട്ടി അധ്യക്ഷ സ്ഥാനത്തുനിന്ന് ഗാന്ധി കുടുംബം മാറി നിൽക്കുകയാണ്. സ്വാതന്ത്ര്യ സമര പോരാട്ടത്തിനു നെടുനാടകത്വം വഹിച്ച് 137 വർഷം രാജ്യത്തേയും ജനങ്ങളേയും നയിച്ച പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. കോൺഗ്രസിന്റെ മുൻ പ്രധാനമന്ത്രി നരസിംഹ റാവുവിന്റെ കാലത്ത് ആരംഭിച്ചതാണ് കോൺഗ്രസിന്റെ പതനം. സ്വന്തം തടി രക്ഷിക്കാൻ വെള്ളവും വളവും നൽകി വളർത്തിയ സംഘപരിവാർ പ്രസ്ഥാനങ്ങൾ ഇത്രത്തോളം വളർന്ന് രാജ്യത്തെത്തന്നെ വിഴുങ്ങുമെന്ന് നരസിംഹ റാവുപോലും പ്രതീക്ഷിച്ചിട്ടുണ്ടാകില്ല.

കോൺഗ്രസിന്റെ ചരിത്രത്തിൽ ഏറ്റവുമധികം വർഷം പാർട്ടി പ്രസിഡന്റായി സേവനം ചെയ്തു റിക്കാർഡിട്ടിരിക്കുകയാണ് സോണിയാഗാന്ധി. ഇനി മാറി നിൽക്കുമെങ്കിലും തലപ്പത്തുതന്നെയുണ്ടാകും. ഇല്ലെങ്കിൽ നേതാക്കൾ തമ്മിൽ തല്ലി കോൺഗ്രസിനെ ചില സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ വിൽക്കുകയോ പാർട്ടിയുടെ കഥ കഴിക്കുകയോ ചെയ്യും. 1998 മുതൽ എഐസിസി അധ്യക്ഷയാണ് സോണിയ. 2015 മുതൽ പ്രസിഡന്റു സ്ഥാനം ഒഴിയാൻ ആഗ്രഹം പ്രകടിപ്പിച്ചതാണ്. ഒടുവിൽ തട്ടിക്കൂട്ടു തെരഞ്ഞെടപ്പു നടത്തി 2017 ൽ മകൻ രാഹുൽഗാന്ധി എഐസിസി പ്രസിഡന്റായി. 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കനത്ത പരാജയം ഏറ്റുവാങ്ങിയതോടെ രാഹുൽ രാജിവച്ചു.

വിസമ്മതിച്ചിട്ടും ഇടക്കാല പ്രസിഡന്റ് സ്ഥാനം സോണിയയുടെ തലയിൽതന്നെ കെട്ടിവച്ചു. അസുഖവും അനാരോഗ്യവുംമൂലം ക്ലേശിച്ചിരിക്കേ, ജോലിഭാരം ഒഴിവാക്കാനാണ് അവർ ആഗ്രഹിച്ചത്. സോണിയാഗാന്ധി 21 വർഷത്തിലേറെക്കാലം കോൺഗ്രസിനെ നയിച്ചുവെന്നല്ല, വെറിയന്മാരായ കോൺഗ്രസ് നേതാക്കളെ സഹിച്ചു എന്നു പറയുന്നതാകും ഉചിതം. അച്ചടക്കമില്ലാതെ ആർത്തിപ്പണ്ടാരങ്ങളായി കലഹിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ് നേതാക്കളെ നിയന്ത്രിക്കാൻ സോണിയാജി വളരെ പാടുപെട്ടു.



അങ്ങനെയിരിക്കുമ്പോഴാണ് പ്രവർത്തന രീതി മാറ്റണമെന്നു ജി 23 വിമത നേതാക്കൾ വിമർശനമുയർത്തിയത്. അതോടെ 2020 ഓഗസ്റ്റിൽ സോണിയ പാർട്ടി അധ്യക്ഷ സ്ഥാനം വിടുകയാണെന്നു പ്രഖ്യാപിച്ചു. പാർട്ടി പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. പല കാരണങ്ങളാൽ നീണ്ടുനീണ്ട് ഇതുവരെയെത്തി.

പരാജയങ്ങളിൽനിന്നും വീഴ്ചകളിൽനി

ന്നും പാഠം പഠിക്കാൻ രാജസ്ഥാനിലെ ഉദയ്പൂരിൽ ചിന്തൻ ശിബിരം നടത്തി. യുവാക്കൾക്കും വനിതകൾക്കും കൂടുതൽ അവസരം എന്നതടക്കമുള്ള സദ്ചിന്തകളെല്ലാം അവിടെ വിരിഞ്ഞു. പക്ഷേ, നടപ്പാക്കാൻ പ്രയാസമാണെന്നാണു നരച്ച നേതൃത്വം പറയുന്നത്.

ആരാകും കോൺഗ്രസിന്റെ പുതിയ അധ്യക്ഷൻ. പുതിയ പ്രസിഡന്റ് ചുമതലയേറ്റാൽ പാർട്ടിയെ ഊർജസ്വലമാക്കാൻ അദ്ദേഹത്തിനു കഴിയുമോ? എല്ലാവരും ഉറ്റുനോക്കുന്നത് അതാണ്.

എഐസിസി പ്രസിഡന്റു സ്ഥാനത്തേക്കു രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ടിനെ കെട്ടിവലിച്ചു കൊണ്ടുവരാനാണ് ഗാന്ധി കുടുംബവും മുതിർന്ന നേതാക്കളും ആദ്യം ശ്രമിച്ചത്. മുഖ്യമന്ത്രിക്കസേരയുടെ സുഖലോലുപതയോടു വിടപറഞ്ഞ് പാർട്ടി പ്രസിഡന്റിന്റെ കുരിശു ചുമക്കാൻ ഗെലോട്ടിന് ഒരു താൽപര്യവുമില്ല. മൂന്നു തവണ മുഖ്യമന്ത്രിയായ അശോക് ഗെലോട്ട് ഇക്കാര്യം സോണിയാഗാന്ധിയോടു പറഞ്ഞു. നിർബന്ധമാണെങ്കിൽ രണ്ടു സ്ഥാനവും ഒന്നിച്ചു വഹിച്ചോളാമെന്നും പറഞ്ഞുനോക്കി. പക്ഷേ, മുഖ്യമന്ത്രി സ്ഥാനം രാജിവച്ച് പാർട്ടിയെ നയിക്കൂവെന്ന് സോണിയാജി ആവർത്തിച്ചു. ഗെലോട്ട് പാർട്ടി അധ്യക്ഷനാകുന്ന മുറയ്ക്ക് ഇളമുറക്കാരനായ സച്ചിൻ പൈലറ്റിനെ മുഖ്യമന്ത്രിയാക്കാമെന്നാണ് സോണിയാജി കരുതിയത്. എല്ലാം തല കുലുക്കി സമ്മതിച്ചു വിനയാന്വിതനായി ജയ്പൂരിലേക്കു മടങ്ങിയ ഗെലോട്ട് എല്ലാ കോൺഗ്രസ് എംഎൽഎമാരിലും വിമതവിഷം കുത്തിവച്ച് എംഎൽഎ സ്ഥാനം രാജിവയ്ക്കുമെന്നു ഭീഷണി മുഴക്കിച്ചു. ഗെലോട്ടിന മുഖ്യമന്ത്രി സ്ഥാനത്തു തുടരാനുള്ള നാടകം.

ഗെലോട്ടിന്റെ തുരപ്പൻ പണി കണ്ട് ഹൈക്കമാൻഡ് മുതൽ സാധാ കോൺഗ്രസ് പ്രവർത്തകർ വരെ അമ്പരന്നു. തനിക്ക് ഒന്നുമറിയില്ല, തന്റെ കൈയിൽ നിൽക്കുന്ന കാര്യമല്ല എന്നെല്ലാം ഗെലോട്ട് വിളിച്ചു പറഞ്ഞു. കോൺഗ്രസുകാരുടെ ആത്മാഭിമാനത്തിൽ തുപ്പിയവനെ, വിശ്വസിക്കാൻ കൊള്ളാത്ത വഞ്ചകനെ എഐസിസി പ്രസിഡന്റാക്കാതിരുന്നതു യഥാർത്ഥ കോൺഗ്രസുകാരുടെ മഹാഭാഗ്യം.

മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി കമൽനാഥ് അടക്കമുള്ള മുതിർന്ന നേതാക്കൾ കോൺഗ്രസ് അധ്യക്ഷനാകാൻ തയാറല്ല. ശശി തരൂരും ഗ്രൂപ്പ് 23 നേതാവ് മനീഷ് തിവാരിയും അടക്കമുള്ളവർ കളത്തിലിറങ്ങിയത് തെരഞ്ഞെടുപ്പു ചിത്രത്തെ കളറാക്കിയിട്ടുണ്ട്. എഐസിസി പ്രസിഡന്റിനെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കാനുള്ള ശ്രമം



ജയിച്ചെന്നു വരില്ല. മൽസരം മോശമായ കാര്യമൊന്നുമല്ല. ശശി തരൂർ എംപിയെ വച്ചു പൊറുപ്പിക്കില്ലെന്ന നിലപാടാണ് കേരളത്തിലെ അൽപന്മാരായ നേതാക്കൾക്ക്. ഉത്തരേന്ത്യയിലെ ചില നേതാക്കളും അതേ നിലപാടാണ്. 29 വർഷം ഐക്യരാഷ്ട്രസഭയിലെ ഉയർന്ന പദവികളിലും രണ്ടു തവണ കേന്ദ്രമന്ത്രിയായും സേവനം ചെയ്ത ശശി തരൂർ ജ്ഞാനിയാണ്. കോൺഗ്രസിനെ ഊർജസ്വലമാക്കാൻ കുറേക്കൂടി പ്രായക്കുറവുള്ള ശശി തരൂരിനു കഴിയും. പക്ഷേ, ശശി തരൂരിനെ അംഗീകരിക്കാനുള്ള വിശാല മനസ് സങ്കുചിത ചിന്തകളും സ്വാർത്ഥ താൽപര്യങ്ങളും മാത്രമുള്ള കോൺഗ്രസ് നേതാക്കൾക്ക് ഉണ്ടാകില്ല.

തെരഞ്ഞെടുപ്പിന് ഇറങ്ങുംമമ്പ് ശശി തരൂർ എംപി സാമൂഹ്യ മാധ്യമങ്ങളിൽ കുറിച്ച വരികൾ തരംഗമായി. റൂസ്‌വെൽറ്റിന്റെ 'അരങ്ങിലെ മനുഷ്യൻ' (ദ മാൻ ഇൻ ദ അറി

ന) എന്ന വരികളാണ് ശശി തരൂർ കുറിച്ചത്. 'പൊടിയും വിയർപ്പും രക്തവും പൊടിഞ്ഞ മുഖവുമായി അരങ്ങിൽ അധ്വാനിക്കുന്നയാൾക്കുള്ളതാണ് എല്ലാ വിജയവും ക്രെഡിറ്റും. പരാജയപ്പെട്ടാൽ മഹത്തായ പരാജയമായിരിക്കും. അവന്റെ സ്ഥാനം ഒരിക്കലും വിജയമോ പരാജയമോ അറിയാത്ത തണുത്ത ഭീരുക്കളായ ആത്മാക്കൾക്കൊപ്പമാകില്ല' എന്ന വരികൾ അർത്ഥ സമ്പുഷ്ടമാണ്. പക്ഷേ, കോൺഗ്രസ് നേതാക്കൾക്കു മനസിലാകാനിടയില്ല.

രാജ്യത്തെ വിവിധ പ്രദേശങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ഒമ്പതിനായിരം എഐസിസി അംഗങ്ങളാണ് എഐസിസി പ്രസിഡന്റിനെ തെരഞ്ഞെടുക്കുക. വോട്ടർപട്ടിക പ്രസിഡന്റ് സ്ഥാനാർത്ഥികൾക്കു മാത്രമേ നൽകൂവെന്നാണ് വരണാധികാരിയായ മധുസൂദനൻ മിസ്ത്രി പറഞ്ഞത്. ഈ മാസം എട്ടുവരെ നാമനിർദേശ പത്രിക പിൻവലിക്കാം. 17 നാണു വോട്ടെടുപ്പ്. 19 നു വോട്ടെണ്ണി പുതിയ പ്രസിഡന്റിനെ പ്രഖ്യാപിക്കും.

പണവും പദവിയും വെട്ടിപ്പിടിക്കുകയും സ്വന്തം പാർട്ടിക്കാരുടെ കുതികാൽ വെട്ടുകയും ചെയ്യുന്നവരുടെ ആൾക്കൂട്ടമായ കോൺഗ്രസിനു പുതിയ പ്രസിഡന്റ് വന്നാൽ എന്തു മാറ്റമുണ്ടാകാനാണെന്നു ചോദിക്കുന്നവരുണ്ട്. എല്ലാ പാർട്ടികളിലും അത്തരം സംസ്കാരം തന്നെയാണു വളരുന്നത്.

എഐസിസി പ്രസിഡന്റിന് ഇപ്പോൾ പാർട്ടിയിലെ കലഹം പരിഹരിച്ചാൽമാത്രം പോരാ. സിബിഐ, എൻഫോഴ്സ്മെന്റ് തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളെ ദുരുപയോഗിച്ചു ബിജെപി വേട്ടയാടിയും സമ്മർദത്തിലാക്കിയും കോടികൾ നൽകിയും എംഎൽഎമാരെ വിലയ്ക്കു വാങ്ങുന്നതടക്കമുള്ള വെല്ലുവിളികളെ നേരിടുകയും വേണം.

എഐസിസി അധ്യക്ഷ സ്ഥാനം ചുമക്കുന്നതിനേക്കാൾ അനായാസകരമാണ് കന്യാകുമാരി മുതൽ കാഷ്മീർവരെ നടക്കൽ യജ്ഞം നടത്തുന്നത്. അതുകൊണ്ടാണ് രാഹുൽഗാന്ധി തെക്കുനിന്ന് വടക്കോട്ടു നടക്കാനിറങ്ങിയത്. ബിജെപിയുടെ തേരോട്ടത്തിനിടെ തളർന്നും ചിതറിയുംപോയ പ്രവർത്തകരുടേയും അനുഭാവികളുടേയും ആത്മവീര്യം വീണ്ടെടുക്കാനുള്ള നടത്തത്തിന്റെ പേരാണു ഭാരത് ജോഡോ യാത്ര. 12 സംസ്ഥാനങ്ങളിലൂടെ 3,570 കിലോമീറ്റർ നടന്ന് 150 ാം ദിവസം ജമ്മു കാഷ്മീരിൽ സമാപിക്കുന്ന യാത്ര കേരളത്തിലെ ഓരോ പ്രദേശത്തേയും ഇളക്കിമറിച്ചു. ഇരുപത്തയ്യായിരം മുതൽ ലക്ഷത്തിലേറെ വരുന്ന വൻ ജനക്കൂട്ടമാണ് ഒപ്പം നടക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ എങ്ങനെയുണ്ടാകുമെന്നു കണ്ടറിയണം. യാത്ര തുടങ്ങിയപ്പോഴേക്കും ഗോവയിൽ ബിജെപി കോൺഗ്രസിന്റെ ആപ്പീസു പൂട്ടിച്ചു. എട്ട് എംഎൽഎമാരെ കൂട്ടത്തോടെ കൂറുമാറ്റിച്ചു. ബിജെപിയെയല്ല, കുറ്റപ്പെടുത്തേണ്ടത് കോൺഗ്രസിലെ നേതാക്കളെത്തന്നെയാണ്. രാജസ്ഥാനിൽ സ്വന്തം പാർട്ടി നേതാക്കൾതന്നെയാണല്ലോ ബോംബിട്ടത്. എന്തെല്ലാമായാലും ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടുള്ള യാത്ര കോൺഗ്രസിന്റേയും രാഹുൽഗാന്ധിയുടേയും പ്രതിച്ഛായ മിന്നിക്കുന്നുണ്ട്. ബിജെപി ഭരണകൂടത്തിന്റെ വിദ്വേഷ സംസ്കാരത്തെ മാത്രമല്ല, കോൺഗ്രസിലെത്തന്നെ വഞ്ചകരേയും വഷളന്മാരേയുമെല്ലാം ചവിട്ടിമെതിച്ചുകൊണ്ടാകട്ടേ, രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ യാത്ര.

എഐസിസി പ്രസിഡന്റ് തെരഞ്ഞെടുപ്പിനു മുമ്പേ കോൺഗ്രസ് സംസ്ഥാന അധ്യക്ഷന്മാരുടെ തെരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. ഒരിടത്തും നടത്തിയില്ല. എന്നാൽ ധാരണയിലെത്തിയിട്ടുണ്ട്. പേര് എഐസിസിയിലേക്ക് അറിയിച്ചിരിക്കുകയാണ്. പുതിയ സംസ്ഥാന കമ്മിറ്റി അംഗങ്ങളുടെ യോഗം ചേർന്ന് തെരഞ്ഞെടുപ്പു നടത്താതെ സംസ്ഥാന പ്രസിഡന്റിനെ എഐസിസി പ്രസിഡന്റ് പ്രഖ്യാപിച്ചാൽ മതിയെന്നു പ്രമേയം പാസാക്കിയിരിക്കുകയാണ്. എഐസിസിയിലെ താപ്പാനകൾ നിർദേശിച്ചതനുസരിച്ചാണ് അങ്ങനെ ചെയ്തത്. ഇതാണു കോൺഗ്രസിലെ തെരഞ്ഞെടുപ്പിന്റെ ഒരു ജനാധിപത്യ രീതി. കേരളത്തിലും അതുതന്നെയാണുണ്ടായത്. കെ. സുധാകരനെത്തന്നെ വീണ്ടും പ്രസിഡന്റാക്കാൻ ഗ്രൂപ്പു മേധാവികൾ ധാരണയിലെത്തി. ഹൈക്കമാൻഡ് പ്രഖ്യാപിച്ചാൽ ഞങ്ങൾ അംഗീകരിച്ചോളാമെന്ന് എഐസിസിക്കു കത്തും നൽകി.

കോൺഗ്രസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിനു നാടകീയമായ പലതും ഇനിയും കാണാനിരിക്കുന്നതേയുള്ളൂ. കെട്ടുകാഴ്ചകളും ട്രിപ്പീസ് ജംപുകളും ബഫൂൺഷോകളും നിറഞ്ഞതാണ് കോൺഗ്രസ് എന്ന സർക്കസ് തമ്പ്. പക്ഷേ, അതെല്ലാം കണ്ട് ആരും ആർത്തുചിരിക്കേണ്ട. കോൺഗ്രസ് ദുർബലമാകുന്നത് ആപത്താണ്. ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ കോൺഗ്രസ് ശക്തമായ മുന്നേറ്റം നടത്തിയേ തീരൂ. ●



# മനസ്സിലെ മാസ്റ്റർമാർ




തേജശ്രീ

**നാളുകൾക്കുശേഷം മലയാള ചലച്ചിത്ര സംഗീതരംഗത്ത് ഒരു മാസ്റ്റർ ക്ലാസ് വിവാദം പൊട്ടിപ്പുറപ്പെട്ടു. സംഗീതസംവിധായകൻ രവീന്ദ്രനെ മാസ്റ്റർ എന്നു വിശേഷിപ്പിക്കാൻ സാധിക്കില്ലെന്ന ഗായകൻ പി. ജയചന്ദ്രന്റെ പ്രസ്താവനയാണ് വിവാദത്തിനു തിരികൊളുത്തിയത്. വാസ്തവത്തിൽ ഇങ്ങനെയൊരു ചർച്ച ഈ അവസരത്തിൽ ആവശ്യമായിരുന്നോ?....**

ലിറ്റിൽ മാസ്റ്റർ എന്നു കേട്ടാൽ കണ്ണിറുക്കി ചിരിച്ചു നിൽക്കുന്ന ഉയരം അല്പം കുറഞ്ഞ ചുരുളൻ മുടിക്കാരനെ ഓർമവരും. അതയാൾക്ക് ലക്ഷോപലക്ഷം വരുന്ന ആരാധകർ ചാർത്തിക്കൊടുത്ത പേരാണ്. അതെ, സാക്ഷാൽ സച്ചിൻ ടെൻഡുൽക്കർ! ആ വിശേഷണപദം പതിച്ചുകിട്ടിയില്ലായിരുന്നെങ്കിലും അയാളിലെ പ്രതിഭ അതേപടി നിലനിൽക്കുമായിരുന്നു. ഏതെങ്കിലുമൊരാൾ സച്ചിൻ ലിറ്റിൽ മാസ്റ്ററല്ല എന്നു പറ

ഞ്ഞാൽ അദ്ദേഹം അങ്ങനെ ആകാതിരിക്കുകയുമില്ല. ലളിതമാണ് കാര്യം. അല്ലേ?

രാഘവൻ മാസ്റ്റർ, ദേവരാജൻ മാസ്റ്റർ, അർജുനൻ മാസ്റ്റർ, രവീന്ദ്രൻ മാസ്റ്റർ, ജോൺസൺ മാസ്റ്റർ, വിദ്യാധരൻ മാസ്റ്റർ- മലയാള ചലച്ചിത്ര ഗാനശാഖയിലെ മാസ്റ്റർമാരുടെ നിര ഇങ്ങനെയാണ്. തൊട്ടടുത്ത് ഭാസ്കരൻ മാസ്റ്ററുമുണ്ട്. ജെറി അമൽദേവിനെ അപൂർവമായെങ്കിലും ജെറി മാസ്റ്റർ എന്നു വിശേഷിപ്പിക്കാറുണ്ട്. ഇവരെ എന്തുകൊണ്ടു മാസ്റ്റർ എന്നു വിശേഷിപ്പിച്ചു എന്നത് പാട്ടുകൾ കേൾക്കുന്ന ആർക്കും പറഞ്ഞുതരേണ്ട കാര്യമില്ല. അതേസമയം മാസ്റ്റർ വിശേഷണമില്ലാത്ത ഒട്ടേറെ സംഗീതസംവിധായകർ നമുക്കുണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്. ബാബുരാജിനെ ആരും മാസ്റ്ററെന്നു വിളിച്ചില്ല- അദ്ദേഹം ബാബുക്ക ആണ്. ദക്ഷിണാമൂർത്തിയും മാസ്റ്ററല്ല- സ്വാമിയാണ്. എണ്ണമില്ലാത്ത ഒരുപാടു പ്രിയങ്കരരായ സംഗീത സംവിധായകർ. ഈയറ്റത്ത് പ്രതിഭാധനനായ ഔസേപ്പച്ചനെയും മാസ്റ്റർ എന്നു വിളിക്കുന്നില്ല.

### എങ്ങനെ വന്നു മാസ്റ്റർ?

മലയാളത്തിനു പുറത്ത് ഇങ്ങന മാസ്റ്റർവിളിയുണ്ടോ എന്നതു സംശയമാണ്. എങ്ങനെയാവും ഈ വിശേഷണം വന്നതെന്ന് വിശദീകരിക്കുന്നു സംഗീത ഗവേഷകനായ രവി മേനോൻ. അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പോസ്റ്റ് ഇങ്ങനെ പറയുന്നു–

അതിനു പിന്നിലൊരു കഥയുണ്ട്; രാഘവൻ മാസ്റ്റർ പറഞ്ഞുകേട്ടത്.

1950കളിൽ കോഴിക്കോട് ആകാശവാണിയിൽ രാഘവൻ ജോലിക്കു ചേരുമ്പോൾ പി. ഭാസ്കരനു തിക്കോടിയനും ഉറൂബും അക്കിത്തവും ഉൾപ്പെടെ പ്രമുഖർ പലരുണ്ടവിടെ. പരസ്പരം പേര് വിളിക്കുന്നതിനു പകരം മാഷേ വിളിയിലൂടെയാണ് ആശയവിനിമയം. കോഴിക്കോടിന്റെ തനതു ശീലങ്ങളിൽ ഒന്ന്.

സ്വാഭാവികമായും രാഘവനെ മാഷെന്നു വിളിച്ചുതുടങ്ങുന്നു പി. ഭാസ്കരൻ. തിരിച്ച് രാഘവൻ ഭാസ്കരനെയും. "ഭാസ്കരൻ എന്നെ മാഷേ എന്നു വിളിക്കുന്നതു കേട്ട് മറ്റുള്ളവരും അത് അനുകരിച്ചു തുടങ്ങി. ചുരുക്കത്തിൽ ഞാനും ഭാസ്കരനും ദിവസങ്ങൾ കൊണ്ട് മാസ്റ്റർമാരായി; ഒരു സ്കൂളിലും പഠിപ്പിക്കാതെതന്നെ..." രാഘവന്റെ വാക്കുകൾ.

ഭാസ്കരൻ മാഷ് തന്നെ പിന്നീട് ദേവരാജനെയും മാഷാക്കി. അർജുനൻ, വിദ്യാധരൻ, ജോൺസൺ, രവീന്ദ്രൻ... അങ്ങനെ മാസ്റ്റർമാർ പിന്നെയും പിറന്നുകൊണ്ടിരുന്നു. -രവി മേനോൻ എഴുതുന്നു.



ഇക്കാലത്തും മാഷേ എന്ന അഭിസംബോധനയുണ്ട്., എല്ലാ രംഗങ്ങളിലും. അതായത് സ്കൂൾ മാസ്റ്റർമാർക്കിടയിൽ മാത്രമല്ല എന്നു ചുരുക്കം. എന്നാൽ ഈ സംഗീതസംവിധായകർ ഒരുക്കിവച്ച മാസ്റ്റർ ക്ലാസ് എല്ലാക്കാലവും ഉയർന്നുതന്നെ നിൽക്കുന്നുണ്ട്.

### ഇങ്ങനെയൊക്കെ പറയാമോ?

ആർക്കും അഭിപ്രായ പ്രകടനങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. ഭാവഗായകൻ പ്രിയങ്കരനായ പി. ജയചന്ദ്രനും സ്വന്തം അനുഭവവും അഭിപ്രായവും പറയാം. എന്നാൽ ഈയൊരവസരത്തിൽ, രവീന്ദ്രൻ മാസ്റ്റർ എന്ന സംഗീതസംവിധായകൻ അരങ്ങൊഴിഞ്ഞിട്ട് ഇത്രയും വർഷങ്ങൾക്കുശേഷം അദ്ദേഹം മാസ്റ്റർ എന്നു വിളിക്കപ്പെടാൻ യോഗ്യനല്ല എന്ന പ്രസ്താവന പാട്ടുകൾ ഇഷ്ടപ്പെടുന്ന ഒ

രാൾക്കും ദഹിക്കാൻ ഇടയില്ല. സ്വാഭാവിക മായും ജയചന്ദ്രനെതിരേ വിമർശനങ്ങൾ ഉയർന്നു.

ഈ പ്രസ്താവന നടത്തി ഏതാനും ദിവസങ്ങൾക്കുശേഷം ജയചന്ദ്രൻ അൽപംകൂടി വിശദീകരണവുമായി എത്തി. തൃശൂരിലെ ഒരു ആദരണച്ചടങ്ങിലായിരുന്നു അത്. ദേവരാജൻ മാസ്റ്ററും മറ്റും ഒരുക്കിവച്ച മെലഡിയെ അപ്പാടെ മാറ്റി രവീന്ദ്രൻ പാട്ടുകളിൽ സർക്കസ് കാണിച്ചു എന്നായിരുന്നു വിമർശനങ്ങളിൽ ഒന്ന്. രവീന്ദ്രനും യേശുദാസും ചേർന്ന് ഉണ്ടാക്കിയ സൂപ്പർ ഹിറ്റ് ഗാനങ്ങളിൽ ഒന്നുപോലും തനിക്ക് ഇഷ്ടമല്ല എന്നും അദ്ദേഹം പറഞ്ഞു.

രാഘവൻ മാസ്റ്ററും ദേവരാജൻ മാസ്റ്ററും അർജുനൻ മാസ്റ്ററും മാത്രമാണ് യഥാർഥത്തിൽ ആ വിശേഷണത്തിനു യോഗ്യർ എന്നാണ് ജയചന്ദ്രന്റെ നിലപാട്. മാത്രമോ, ജോൺസൺ ഒരു മുക്കാൽ മാസ്റ്ററേ ആകുന്നുള്ളൂ എന്നും പറഞ്ഞുകളഞ്ഞു മലയാളിയുടെ പ്രിയ ഗായകൻ! നല്ല സംഗീത സംവിധായകനാണെങ്കിലും വിദ്യാധരനും മാസ്റ്ററല്ല. ബിജിപാലും എം. ജയചന്ദ്രനും നല്ല സംഗീതസംവിധായകരാണ് എന്നും ജയചന്ദ്രൻ അഭിപ്രായപ്പെട്ടു.



### എയറിൽ നിർത്തി സോഷ്യൽ മീഡിയ

തനിക്കുനേരെ വരുന്ന ആക്ഷേപങ്ങൾ, അതിപ്പോൾ സോഷ്യൽ മീഡിയയെന്നോ നേരിട്ടെന്നോ ഭേദമില്ലാതെ പുറംകാൽ കൊണ്ടു തട്ടിക്കളയാൻ ചങ്കൂറ്റമുള്ളയാളാണ് ജയചന്ദ്രനെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ഏതാണ്ട് രണ്ടാഴ്ചക്കാലം എയറിലായിരുന്നു അദ്ദേഹത്തിനു സോഷ്യൽ മീഡിയയിലെ സ്ഥാനം. നല്ല ഗാനങ്ങൾ പാടാൻ രവീന്ദ്രൻ അവസരം നൽകാത്തതിലെ കൊതിക്കെറുവാണ് ജയചന്ദ്രന് എന്നതായിരുന്നു വിമർശനങ്ങളിലെ പൊതുവായ വികാരം. രവീന്ദ്രന്റെ ഈണത്തിൽ യേശുദാസ് പാടിയ പാട്ടുകളൊന്നുംതന്നെ ജയചന്ദ്രന് ഒരു കാലത്തും പാടാൻ കഴിയില്ല എന്നും വിമർശനമുയർന്നു.

പഴയ മദ്രാസ് കാലത്ത് കുളത്തൂപ്പുഴ രവിയായി ഗായകനാവാൻ എത്തിയ രവീന്ദ്രന് അവിടെ എല്ലാ സഹായങ്ങളും ചെയ്ത് യേശുദാസിനെ പരിചയപ്പെടുത്തിക്കൊടുത്തത് താനാണെന്ന് ജയചന്ദ്രൻ പറഞ്ഞിട്ടുണ്ട്. യഥാർഥത്തിൽ അത്തരം മനുഷ്യത്വവും സ്നേഹവുമല്ലേ വേണ്ടത് എന്ന ചിന്ത ഉയർന്നു നിൽക്കുന്നുണ്ട് ഇപ്പോൾ.

### ആർക്കാണ്, എന്താണ് നേട്ടം?

ആക്ഷേപങ്ങൾ കൊണ്ട് ആർക്കും ഒരുവിധ നേട്ടവുമില്ല എന്നതാണ് യാഥാർഥ്യം. പ്രത്യേകിച്ച് സംഗീതത്തിന്. ആര് വിമർശിച്ചാലും രവീന്ദ്രൻ മാസ്റ്ററുടെ പാട്ടുകൾ മലയാളികളുള്ളിടത്തോളം നിലനിൽക്കും. അതുപോലെതന്നെയാണ് ജയചന്ദ്രൻ പാടിയ പാട്ടുകളും. ഓരോ ധാന്യമണികളിലും അതു കഴിക്കാൻ അർഹരായ ആളുടെ പേരെഴുതിയിട്ടുണ്ടാകും എന്നത് പ്രശസ്തമായൊരു പഴമൊഴിയാണ്. അതുപോലെതന്നെ ഓരോ പാട്ടുകളിലും അതു പാടാനുള്ള ഗായകന്റെ പേരെഴുതിയിട്ടുണ്ടാകണം. അതുകൊണ്ടുതന്നെയാവില്ലേ പ്രതിഭയുണ്ടായിട്ടും പാടാൻ അവസരം തട്ടിത്തെറിപ്പിക്കപ്പെട്ട് സങ്കടത്തിന്റെ പടുകുഴികളിൽ പല ഗായകരും കഴിയുന്നത്?

പാട്ടുണ്ടാക്കുക, പാടുക, കേൾക്കുക... അതിൽപ്പരം സന്തോഷമെന്ത്. മാസ്റ്റർ എന്ന് ഒരാളെ മറ്റൊരാളോ മറ്റ് അനേകം പേരോ മനസിൽ പ്രതിഷ്ഠിച്ചിട്ടുണ്ടെങ്കിൽ ആരു പറഞ്ഞാലും ആ സ്ഥാനം ഇളകില്ല. തിളക്കം മങ്ങില്ല.

സംഗീതം വിജയിക്കട്ടെ., മനസുകളെ പവിത്രമാക്കട്ടെ!

●



# ഗോത്ര പൈതൃക വൈവിധ്യങ്ങളുടെ 'എൻ ഊര്'

**താര അതിയടത്ത്**

**'സഞ്ചാരം ആദ്യം നിങ്ങളെ മൗനിയാക്കും. പിന്നെ മെല്ലെയൊരു കഥ പറച്ചിലുകാരനുമാക്കും'**

ആധുനികയാത്രാ സൗകര്യങ്ങൾ അപ്രാപ്യമായ കാലത്ത് രാജ്യങ്ങളുടെ അതിർവരമ്പുകൾക്കപ്പുറത്ത് സഞ്ചരിച്ച അത്ഭുത സഞ്ചാരിയായ ഇബ്ൻ ബത്തൂത്തയുടെ വാക്കുകളാണിത്. വിശ്വസഞ്ചാര സാഹിത്യ ലോകത്തിന്റെ കലവറയെ കനകത്താക്കോലിട്ടു തുറന്ന അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഹൃദയത്തോട് ചേർക്കുകയാണ്.

ഏതൊരു യാത്രയും തുടങ്ങുന്നത് ഒരു കുഞ്ഞു നിശബ്ദതയിലാണ്. പിന്നെ പിന്നെ പതിയെ പതിയെ അത് കാഴ്ചകൾ നിറച്ച് വാചാലമാകും. ആ വാചാലതയിൽ രണ്ടു വശങ്ങളിലുമുള്ള വഴിയോര കാഴ്ചകൾ നമ്മോടൊപ്പം ചേരും. അവർ നമ്മോട് പറയുന്ന കഥകൾ തീർക്കുന്ന ഉത്സവമേളങ്ങളാണ് പിന്നീടങ്ങോട്ടുള്ള ഓരോ യാത്രകൾക്കും പ്രചോദനമാവുന്നത്.

ചെന്നെത്തുന്ന എല്ലാ ദേശങ്ങളും ഏതെങ്കിലും വിധത്തിൽ എന്റെ ആത്മാവി




എൻ ഊര് പ്രവേശന കവാടത്തിൽ

ന്റെ ഭാഗമാവാറുണ്ട്. അതിന് ഇങ്ങനെ അപരിചിത ദേശങ്ങളിലേക്ക് മുൻ നിശ്ചയമില്ലാതെ സഞ്ചരിക്കണമെന്ന് മാത്രം. കഴിഞ്ഞ ദിവസം വയനാട്ടിലെ 'എൻ ഊര്' ഗോത്ര പൈതൃക ഗ്രാമത്തിലേക്കുള്ള യാത്രയും അത്തരത്തിലൊന്നായിരുന്നു.

പ്രകൃതി, മലനിരകളെയും കുന്നുകളെയും മേഘ മാലകളെയും കൂട്ടുപിടിച്ച് അദമ്യമായ സ്വാതന്ത്ര്യത്തോടെ സൗന്ദര്യം വാരിവിതറി തന്റെ വിവിധ ഭാവങ്ങളിൽ പുഞ്ചിരി നിറച്ചുകൊണ്ട് നമ്മളെ മാടി വിളിക്കുന്ന സ്ഥലം. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളമെങ്കിൽ ആ കേരളത്തിൽ കാഴ്ചകളുടെ സ്വർഗ്ഗ ഭൂമിയായ വയനാട് .

തൃശ്ശൂരിൽ നിന്ന് വയനാട്ടിലേക്ക് അതിരാവിലെ വാഹനങ്ങളൊഴിഞ്ഞ റോഡിൽ കൂടിയാണ് യാത്ര ആരംഭിച്ചത്. കൂടെ പത്രപ്രവർത്തകനായ അശോകൻ സാറും കവിയും നിരൂപകനുമായ പ്രിൻസും ഉണ്ടായിരുന്നു. ഏകദേശം പതിനൊന്ന് മണിയോടെ ഞങ്ങൾ

താമരശ്ശേരിയുടെ അടിവാരത്തെത്തി. താമരശ്ശേരി ചുരം കയറുന്നതോടെ വയനാടിന്റെ ദൃശ്യചാരുതയ്ക്ക് തുടക്കമാകുന്നു. ചെറുതും വലുതുമായ നേർത്ത നൂൽ മഴയും കോടമഞ്ഞും പെയ്തിറങ്ങിയ യാത്രയിൽ എങ്ങോട്ട് കണ്ണ് തിരിച്ചാലും കാഴ്ച്ചകളുടെ കയറ്റിറക്കങ്ങളാണ്.

അവിടുന്ന് തുടങ്ങുന്ന യാത്രാവഴിയിൽ ഒമ്പത് ഹെയർപിൻ വളവുകളാണുള്ളത്. താഴ്‌വാരക്കാഴ്ചകളും ആകാശക്കാഴ്ചകളും ചേർന്ന് പച്ചപ്പിന്റെ ധാരാളിത്തം അറിയിച്ചുകൊണ്ടാണ് ഓരോ ചുരവും കയറിയിറങ്ങിയത്.

താമരശ്ശേരി ചുരം പിന്നിടുന്നതോടെയാണ് കരിന്തണ്ടന്റെ ഓർമ്മകളുടെ ശേഷിപ്പുകൾ അവശേഷിക്കുന്ന ചങ്ങലമരം കണ്ടത്.

' ഞാനിവിടെ ഉണ്ടേ ...... എന്നെ കൂടി ഒന്ന് കണ്ട്

പോകൂ' എന്ന് ഉറക്കെ വിളിച്ച് പറയുന്നുണ്ട് ചരിത്ര വഴിയിലെ കരിന്തണ്ടന്റെ

പൂർണ്ണകായ പ്രതിമ . താമരശ്ശേരി ചുരം നിർമ്മിക്കാൻ ബ്രിട്ടീഷ്കാരെ സഹായിച്ച രക്തസാക്ഷിയായ കരിന്തണ്ടൻ എന്ന ആദിവാസി ധീരനെ നമിച്ചു കൊണ്ടാവാം അടുത്ത പ്രയാണം എന്നു കരുതി.



**കരിന്തണ്ടൻ സ്മാരകത്തിൽ**

വയനാടൻ യാത്രയെക്കുറിച്ച് എഴുതുമ്പോൾ അതിൽ കരിന്തണ്ടനില്ലാതെ എങ്ങനെ മുന്നോട്ട് പോകും .താമരശ്ശേരി ചുരത്തിന്റെ പിതാവായാണ് കരിന്തണ്ടനെ കണക്കാക്കുന്നത്. 1700 മുതൽ 1750 വരെയുള്ള കാലഘട്ടത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത് എന്ന് വിശ്വസിക്കുന്നു. വയനാട്ടിലെ ആദിവാസി പണിയ വിഭാഗത്തിലെ കാരണവരായിരുന്നു കരിന്തണ്ടൻ . ബ്രിട്ടീഷുകാർക്ക് കോഴിക്കോട് നിന്നും താമരശ്ശേരി വഴി മൈസൂരിലെത്തുന്ന ഒരു പുതിയ പാത വേണമായിരുന്നു . അതിനവർ കൂട്ടുപിടിച്ചത് വയനാട്ടിന്റെ ഭൂപ്രകൃതി മുഴുവൻ അറിയുന്ന കരിന്തണ്ടനെയായിരുന്നു. ഈ കണ്ടുപിടിത്തത്തിന്റെ ഖ്യാതി സ്വന്തമാക്കാനും കരിന്തണ്ടൻ ആ അറിവ് മറ്റാർക്കും പങ്കു വെക്കാതിരിക്കാനും അവർ കരിന്തണ്ടനെ ചതിച്ചു കൊന്നു എന്നാണ് കഥകൾ പറയുന്നത്. കരിന്തണ്ടനെ കുറിച്ച് ആധികാരികമായി പറയാൻ ഇന്ന് ചരിത്രമൊ രേഖകളൊ ഒന്നും ഇല്ല . ആകെയുള്ളത് കുറച്ച് വായ്മൊഴി കഥകളും ചങ്ങല മരവും മാത്രം. രാത്രികാലങ്ങളിൽ കരിന്തണ്ടന്റെ ആത്മാവ് പ്ര



ദേശവാസികളെ നിരന്തരം ശല്യം ചെയ്യുന്നു എന്ന പരാതിയെ തുടർന്ന്

ഒരു മന്ത്രവാദി ആത്മാവിനെ ചങ്ങലയിൽ ബന്ധിച്ചു എന്നാണ് വിശ്വാസം. വിശ്വാസത്തിന്റെ അടയാളമായ ആ ചങ്ങല അവിടെ മര ശിഖിരങ്ങളിൽ നിന്ന് താഴെ വീണ് നിലത്തുറപ്പിച്ചിട്ടുള്ള തായികാണാം. മാർച്ച് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച

കരിന്തണ്ടൻ സ്മൃതിദിനമായി ആചരിക്കുന്നു. കരിന്തണ്ടനെ കണ്ടു യാത്ര തുടരുമ്പോൾ മനസ്സ് പറഞ്ഞു. ഇനിയെങ്കിലും ഈ താമരശ്ശേരി ചുരം കയറുന്നവർ, 'ഹയ് ... ഞമ്മടെ താമരശ്ശേരി ചുരംന്ന്' പപ്പുവിന്റെ ഡയലോഗ് ഓർത്ത് ചിരിച്ച് ഉറക്കെ പറയുന്നവർ,... ആ ചിരിക്ക് കാരണഭൂതനായ കരിന്തണ്ടനെ അറിയാതെ 'പോകരുതെന്ന് . കുറച്ച് നേരത്തേക്ക് മലമ്പാതയിൽ പുതഞ്ഞ് കിടക്കുന്ന ആ വഞ്ചനയുടെ കഥ തെല്ലൊന്നുമല്ല മനസ്സിനെ വിഷമിപ്പിച്ചത്.

കരിന്തണ്ടനെ തത്ക്കാലം മനസ്സിൽ നിന്ന് പറഞ്ഞയച്ച് യാത്ര തുടർന്നു. ഏകദേശം പന്ത്രണ്ട് മണിയോടെ ഞങ്ങൾ 'എൻ ഊര് ഗോത്ര പൈതൃക ഗ്രാമത്തിലെത്തി.

നൂറുകണക്കിന് വാഹനങ്ങളാണ് സഞ്ചാരികളുമായി അവിടെ എത്തിയിരിക്കുന്നത്.

പാർക്കിംഗിന് ആവശ്യമായ സ്ഥല സൗകര്യം അവിടെയില്ലാത്തതു മൂലം അനുഭവപ്പെട്ട വാഹനകുരുക്ക് ചെറുതായൊന്ന് വിഷമിപ്പിച്ചു. സഞ്ചാരികളുടെ വാഹനങ്ങൾക്ക് കുന്നിൻ മുകളിലേക്ക് പോകാനുള്ള അനുമതി ഇല്ല . ഒരു യാത്രക്കാരന്

പോകാനും വരാനുമായി 20 രൂപയാണ് ഈടാക്കുന്നത്. കുന്നിൻചെരുവിലൂടെ പ്രകൃതിഭംഗി ആസ്വദിച്ചുള്ള ജീപ്പ് യാത്ര കഴിഞ്ഞ് സുഗന്ധഗിരി കുന്നിന്റെ മുകളിലെത്തിയാൽ നമ്മെ ആദ്യം സ്വീകരിക്കുന്നത് കോടമഞ്ഞിന്റെ തണുപ്പും നേർത്ത കാറ്റിന്റെ ആശ്ലേഷവുമാണ്.

ഗോത്ര സംസ്കൃതിയെ തൊട്ടറിയുന്ന ഈ പൈതൃക ഗ്രാമം സ്ഥിതി ചെയ്യുന്നത് ലക്കിടിക്കടുത്ത് പൂക്കോട് വെറ്ററിനറി ക്യാമ്പസിനടുത്താണ് . 25 ഏക്കർ സ്ഥലത്ത് ഇടതൂർന്ന കാടുകളാലും പുൽമേടുകളാലും ചുറ്റപ്പെട്ടു കിടക്കുന്ന കാഴ്ച ഏറെ മനോഹരമാണ്. പഴമയും പുതുമയും സമഞ്ജസമായി സമ്മേളിച്ച ആ പ്രവേശനകവാടം മുതൽ കാഴ്ചകളുടെ വൈവിധ്യങ്ങൾ ആരംഭിക്കുകയായി.

കാഴ്ചകൾ കണ്ടു തുടങ്ങുന്നതിനു മുമ്പായി എൻ ഊരിനെക്കുറിച്ച് കൂടുതൽ അറിയാനായി അവിടത്തെ ഓഫീസിലേക്കു ചെന്നു. നേരത്തെ തരപ്പെടുത്തിയ അഭിമുഖത്തിനുള്ള അനുവാദം വാങ്ങി 'എൻ ഊര് പ്രോജക്ട്' CEO ശ്യാം പ്രസാദിനെ കണ്ടു.

ഗോത്രജനതയുടെ സമഗ്രമായ ജീവിത പുരോഗതി ലക്ഷ്യമിടുന്ന വിധത്തിൽ മാതൃകാപരമായി കേരളത്തിലെ ഗോത്ര പാരമ്പര്യ വൈവിധ്യങ്ങളെ എൻ ഊര് പൈതൃക ഗ്രാമം കോർത്തിണക്കുന്നതാണ് ഈ പദ്ധതിയെന്നും ഇതു വഴി ഗോത്രജനതയ്ക്ക് സ്ഥിര വരുമാന വർദ്ധനവിനും ജീവിത അഭിവൃദ്ധിക്കും അവസരം ഒരുക്കുകയാണ് ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു .

പുതിയ തലമുറകൾക്കായി ഗോത്ര കലകൾ, വാസ്തു വൈദഗ്ധ്യങ്ങൾ, പൈതൃകങ്ങൾ, പാരമ്പര്യ വിജ്ഞാനീയം എന്നിവയുടെ സംരക്ഷണത്തിൽ ഉറപ്പു വരുത്തുക , ഗോത്ര വിഭാഗങ്ങൾക്ക് ഉത്പന്നങ്ങൾ വിൽക്കാൻ ഇടനിലക്കാരനില്ലാതെ നേരിട്ടുള്ള വിപണി ഒരുക്കുക, വിവിധ സ്വയംതൊഴിൽ സംരംഭങ്ങളിൽ പരിശീലനം നൽകുക, ഇവർക്കിടയിൽ ഉപജീവനത്തിനുള്ള വരുമാന മാർഗ്ഗങ്ങൾ വികസിപ്പിക്കുക, എന്നിവയാണ് മറ്റു ലക്ഷ്യങ്ങളെന്നും അദ്ദേഹം വിശദീകരിച്ചു.



ഗോത്ര പൈതൃക ഗ്രാമ യാത്രയ്ക്ക് , മനസ്സ് നിറഞ്ഞ് അദ്ദേഹം പകർന്നു തന്ന അറിവുകൾക്ക് നന്ദി പറഞ്ഞിറങ്ങുമ്പോഴേയ്ക്കും ഉച്ച ഭക്ഷണത്തിനുള്ള സമയമായിരുന്നു. രണ്ട് പ്രീമിയം ഭക്ഷണശാലകളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഗ്രോതവിഭാഗങ്ങളുടെ തനത് വംശീയ ഭക്ഷണ രുചികളും മറ്റുള്ള വിഭവങ്ങൾക്കൊപ്പം ഇവിടെ സന്ദർശകർക്ക് രുചിച്ചറിയാം. നല്ല വിശപ്പായതുകൊണ്ട് തൊട്ടടുത്ത് കണ്ട ഭക്ഷണശാലയിലേക്ക് വേഗം ചെന്നു. ഗദ്ദിക അതായിരുന്നു ആ ഭക്ഷണശാലയുടെ പേര്. പേരിൽ നിറഞ്ഞിരിക്കുന്ന കൗതുകം തന്നെയാണ് അതിന്റെ പിന്നിലെ കഥ അറിയാൻ പ്രേരിപ്പിച്ചത്. അവിടത്തെ സമുദായങ്ങളുടെ ആഘോഷങ്ങൾക്ക് ഗദ്ദികയെന്നാണ് പേര്. വർഷംതോറും നാടിന്റെ നന്മക്കായി അവതരിപ്പിക്കുന്ന ഗദ്ദിക ഏഴു ദിവസങ്ങൾ നീണ്ടുനിൽക്കുന്നതാണ് . രോഗം വന്നാൽ അനുഷ്ഠിക്കുന്ന നാടുഗദ്ദികയാണ് അതിൽ പ്രധാനം. അതിനു ശേഷം അവതരിപ്പിക്കുന്നതാണ് പൂജാഗദ്ദിക. അരിയും തേങ്ങയും മുത്താറിയും ആണ് പൂജാദ്രവ്യങ്ങളായി ഉപയോഗിക്കുന്നത്. മുറം ചാരി ചൂരൽ വടി വെച്ച് കാണിക്ക അർപ്പിച്ചാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. ഗദ്ദിക നടത്താൻ സംഹാരമൂർത്തിയായ ശിവനോട് അനുവാദം ചോദിക്കുന്നതും ശ്രേഷ്ഠമായ അനുഷ്ഠാനമാണ്. 'ഗദ്ദിക' യെ കുറിച്ചറിഞ്ഞപ്പോൾ മോഹൻലാൽ സിനിമയിലെ ഡയലോഗ് ചുണ്ടിൽ ഫിറ്റ് ചെയ്തതു പോലെ പുറത്തേക്ക് വന്നു. 'എത്ര മനോഹരമായ ആചാരങ്ങൾ ... ..........'

കാഴ്ചകൾക്കൊപ്പം ഐതിഹ്യങ്ങളുടെ പരിശുദ്ധി കൂടിയാവുമ്പോൾ പകരുന്നത് ഒരു ദിവ്യാനുഭൂതി തന്നെ ആണ് .

ഭക്ഷണത്തിനിടെ 1970 കാലഘട്ടത്തിൽ കെ.ജെ ബേബി സംവിധാനം ചെയ്ത ' നാടുഗദ്ദിക' എന്ന ആദിവാസി നാടകത്തെ കുറിച്ചുള്ള അറിവുകൾ അശോകൻ സർ പങ്കു വെച്ചു. ഗോത്ര ജനതയുടെ നടുക്കുന്ന ജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ചും നാടകത്തിന്റെ വേറിട്ട രചനശൈലിയെ പറ്റിയും കാടിന്റെ മക്കളുടെ അഭിനയ മികവും ആ ഗ്രാമത്തിന്റെ മണ്ണിലിരുന്ന് വിവരിച്ചു തന്നത് വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു.

ഭക്ഷണ ശേഷം നേരെ പോയത് ഗോത്ര വിപണിയിലേക്കാണ്. പരമ്പരാഗത ഗോത്ര വിഭാഗങ്ങൾ നിർമ്മിച്ച കരകൗശല വസ്തുക്കളും ,വനവിഭവങ്ങളും , പരമ്പരാഗത ത



**അമ്പെയ്ത്ത് പരിശീലിപ്പിക്കുന്ന ഗോത്ര വംശജൻ ബാലൻ**

നത് കാർഷിക ഉത്പന്നങ്ങളും പച്ചമരുന്നുകളും ചൂരൽ ഉത്പന്നങ്ങളും മുളയുൽപ്പന്നങ്ങളും കൊണ്ട് സമ്പന്നമായിരുന്നു ഈ വിപണി . വിപണികളിലൂടെയുള്ള നടത്തത്തിനിടയിൽ

നാട്ടറിവുകളും കാട്ടറിവുകളും ചേർന്ന ആദിവാസി ജനതയുടെ ആരോഗ്യ പോഷണ രീതിയെക്കുറിച്ചും, പല രോഗങ്ങൾക്കും ആദിവാസി ജനതയുടെ കയ്യിൽ ഔഷധക്കൂട്ടുണ്ടെന്നും, ഇക്കാലത്തെ പരമ്പരാഗത ഭക്ഷ്യ സംസ്കൃതിയുടെ പ്രസക്തി വർദ്ധിക്കുന്നതിനെ ക്കുറിച്ചുമുള്ള വിവരശേഖരണം ഞങ്ങൾ നടത്തി.

തൊട്ടടുത്ത മുറിയിൽ കേട്ട ബഹളമാണ് അവിടേയ്ക്ക് എന്നെ ആകർഷിച്ചത്. ചുമരിൽ ഇങ്ങനെ എഴുതി വച്ചിരിക്കുന്നു. 'അമ്പെയ്ത്ത് 20 രൂപ.' അമ്പെയ്ത്തിനെക്കുറിച്ച് ആകെ അറിയുന്ന അറിവ് അത് അമ്പും വില്ലും

ഉപയോഗിക്കുന്ന ഒരു കലയാണെന്നും ആദ്യകാലങ്ങളിൽ അമ്പെയ്ത് വേട്ടക്കും കൂടാതെ യുദ്ധത്തിൽ എതിരാളികളെ കീഴടക്കാനുമാണ് ഉപയോഗിച്ചിരുന്നത് എന്നുമാണ്. പക്ഷെ ചില മോഹങ്ങൾ അതിർവരമ്പുകളില്ലാതെ ഓടുമല്ലോ..... പരിശീലകനായ ബാലൻ എന്റെ മുന്നിൽ ദ്രോണാചാര്യനായി. ഞാൻ സ്വയം അർജ്ജുനനുമായി . ഇതിനായി വിരലുകൾ എങ്ങനെ ഉപയോഗിക്കണമെന്നും അമ്പ് വില്ലിൽ എങ്ങനെ ചേർത്ത് വയ്ക്കണമെന്നും ബാലൻ പറഞ്ഞു തന്നു . കാണുന്നതു പോലെയല്ല അമ്പെയ്ത്ത് എന്ന കലയെന്നും അതിനായി ശക്തിയും ശ്രദ്ധയും ആവോളം വേണമെന്നും മനസ്സിലാക്കിയ അർജ്ജുനൻ ആയുധം വച്ച് കീഴടങ്ങാൻ തീരുമാനിച്ചു. പക്ഷെ ബാലനിലെ പരിശീലകനായ ദ്രോണാചാര്യർ ഉണർന്ന് കൂടുതൽ ശ്രദ്ധയോടെ ഉപയോഗിക്കാൻ പരിശീലിപ്പിച്ചു. അത്ഭുതമെന്ന് പറയട്ടെ എന്റെ അമ്പുകൾ ലക്ഷ്യസ്ഥാനം കണ്ടെന്ന് മനസ്സിലാക്കിയത് ചുറ്റും ഉയർന്ന് കേട്ട കരഘോഷങ്ങളായിരുന്നു. പിന്നീട് ബാലനുമായി സംസാരിച്ചപ്പോഴാണ് ബാലന്റെ അച്ഛനും മുത്തച്ഛനും പാരമ്പര്യമായി അമ്പെയ്ത്ത് പരിശീലകരാണെന്നും, ഞാൻ ഉപയോഗിച്ച ആ അമ്പിനും വില്ലിനും 50 വർഷത്തെ പഴക്കമുണ്ടെന്നും അറിഞ്ഞത്. ശരിക്കും ഒരു നേർക്കാഴ്ചയുടെ അനുഭവമായിരുന്നു അത്.

അങ്ങനെ കാഴ്ചകളുടെ കാത്തിരിപ്പിനൊടുക്കം ഞങ്ങൾ ഗോത്ര ഗ്രാമത്തിലേക്ക് പ്രവേശിച്ചു.

ഒരു കാലത്ത് ഗോത്രജനതയുടെ മുഖമുദ്രയായിരുന്ന പുൽവീടുകൾ, ചെളിമണ്ണ് മെഴുകിയ തിണ്ടുകൾ , ഭംഗിയുള്ള വഴികൾ, പ്രകൃതി സൗന്ദര്യം എല്ലാം ആവാഹിച്ച് നിറഞ്ഞ കാനന ഭംഗിയിൽ മനം നിറയുന്ന കാ



**എൻ ഊര് സിഇഒ ശ്യാം പ്രസാദിനൊപ്പം ലേഖിക**



ഴ്ച ഗോത്ര ഗ്രാമത്തെ അതി സുന്ദരിയാക്കിയിരിക്കുന്നു. ഓരോ പുൽക്കുടിലിന്റെയും ഇറയത്ത് വിശ്രമിക്കാനുള്ള ഇടം ഒരുക്കിയിട്ടുണ്ട്. ഒരു കൊച്ചു കുട്ടിയുടെ ഉത്സാഹത്തോടെ കുടിലുകളോരോന്നിലും കയറിയിറങ്ങി ആ ചുമരുകളിൽ ചെവികൾ ചേർത്തു വെച്ച് ഇങ്ങനെ മന്ത്രിച്ചു 'ആ പഴയ തുടിയൊച്ചയും ചീനി വാദ്യവും അല്ലെ കേൾക്കുന്നത്'...... നാട്ടുനന്മകളുടെ ഇറയത്ത് ഇത്തിരി നേരം എല്ലാം മറന്ന് കണ്ണുകളടച്ച് ഇരുന്നു. ആ സമയം ഒരു വലിയ സംസ്ക്കാരം ബാക്കിയാക്കി മാറ്റിയ ഒരു കാലത്തിന്റെ മാത്രം കാഴ്ചക്കാരിയായി മാറുകയായിരുന്നു.



എൻ ഊര് ഗോത്ര പൈതൃക ഗ്രാമം

ഗോത്രകലകൾ അവതരിപ്പിക്കുന്ന ഓപ്പൺ എയർ തിയേറ്റർ, ഫെസിലിറ്റേഷൻ സെന്റർ, ഹെറിറ്റേജ് വാക് സെന്റർ, വെയർ ഹൗസ് തുടങ്ങിയ സൗകര്യങ്ങളും സന്ദർശകർക്കായി ഇവിടെ ഒരുക്കിയിട്ടുണ്ട്. ഓരോ സ്ഥലവും കയറിയിറങ്ങുമ്പോൾ ഗോത്ര സംസ്കൃതിയുടെ തുടിപ്പറിയാൻ ശ്രമിക്കുന്ന കവി പ്രിൻസിനെ കാണാമായിരുന്നു. ഗോത്ര ജീവിത ചാരുതകളെക്കുറിച്ച് അടുത്തു തന്നെ പ്രിൻസിൽ നിന്നും ഒരു കവിത ജനിക്കുമെന്നുറപ്പാണ്.

മനോഹരമായ ഗ്രോത്ര കാഴ്ചകൾ ഗ്രാമത്തിലെ സായംസന്ധ്യയെ തലോടുന്നതും കണ്ട് തിരിച്ച് ചുരമിറങ്ങുമ്പോൾ വെറുതെ ഒന്ന് കൂടി തിരിഞ്ഞു നോക്കി ... യാത്രകൾ കണ്ണ് കൊണ്ടല്ല ഹൃദയം കൊണ്ടാണ് അറിയേണ്ടത് എന്ന് പറയുന്നത് എത്ര സത്യമാണ്. ഒരു ദിവസത്തിന്റെ മുഴുവൻ

ഭാഗമായി ചേർന്നു നിന്ന ഗ്രോത്ര ഗ്രാമത്തെ വിട്ട് മടങ്ങിവരുമ്പോൾ മനസ്സിങ്ങനെ പറഞ്ഞു. കുറേ നല്ല നിമിഷങ്ങളും ഓർമ്മകളും ഇവിടെ ബാക്കി വച്ചിട്ടാണ് പോകുന്നത് ......

അതൊക്കെ കോരിയെടുക്കാൻ ...
നെഞ്ചോട് ചേർക്കാൻ ........
ആ നൂൽ മഴയിൽ നനയാൻ...
മണ്ണുമെഴുകിയ ഇടവഴികളിലിരിക്കാൻ ..
ഈ കാട് കയറാൻ ....
ഞങ്ങൾ ഇനിയും വരും



# ടോൺലെ സാപ്– കമ്പോഡിയയിലെ ഒഴുകുന്ന ഗ്രാമങ്ങൾ



ഗിരീഷ് കുമാർ വി

നിത്യജീവിതത്തിന്റെ സങ്കീർണമായ സമസ്യകളിൽ പെട്ട് ഉഴറുമ്പോൾ നമ്മുടെയൊക്കെ മനസ്സ് ആശ്വാസത്തിന്റെ തണൽ തേടി പോവാൻ കൊതിക്കാറുണ്ടല്ലോ. ആവർത്തന വിരസമായ ദിനചര്യകളിൽ നിന്നൊരു മോചനം ആരാണ് ആഗ്രഹിക്കാത്തത്. അപൂർവമായി മാത്രം വീണു കിട്ടാറുള്ള ഒഴിവുദിനങ്ങളിൽ നടത്തുന്ന യാത്രകളോളം ആനന്ദദായകമായി മറ്റൊന്നില്ല. വിവിധ ദേശങ്ങൾ, ഭാഷകൾ, സംസ്കാരങ്ങൾ, വായിച്ചറിവ് മാത്രമുള്ള ചരിത്ര ഭൂമികൾ... ഓരോ യാത്രയും നമ്മെ മറ്റൊരാളാക്കി മാറ്റും.

അനന്തമായ ലോകത്തിന്റെ പുതിയ തുരുത്തുകളിലേക്ക് വീണ്ടും വീണ്ടും നടന്നു ചെല്ലാൻ നമ്മളെ പ്രേരിപ്പിച്ചു കൊണ്ടേയിരിക്കും.

.അനുഭവങ്ങളുടെ വൈവിധ്യവും പുതിയ അറിവുകളും നേടാൻ യാത്രകൾ അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലല്ലോ.

യാത്ര ഒരു ആസക്തിപോലെ മനസ്സിൽ കുടിയേറിയിട്ടു വർഷങ്ങളായി. ഇത്തവണ തികച്ചും യാദൃശ്ചികമായാണ് അങ്കോർ വാറ്റ് ക്ഷേത്രസമുച്ചയങ്ങളുടെ പെരുമപേറുന്ന കംബോഡിയസന്ദർശിക്കാൻ അവസരമുണ്ടായത്. കൊച്ചിയിൽ നിന്നും എയർഏഷ്യാ ജെറ്റിൽ കോലാലംപൂർ വഴിയാണ് കമ്പോഡിയയിലെ സീം റീപ്പിൽ എത്തിയത്. കംബോഡിയയിലെ ഏറ്റവും തിരക്ക് പിടിച്ച രണ്ടാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാണ് സീം റിപ് . അങ്കോർ വാറ്റ് ക്ഷേത്ര സമുച്ചയത്തിൽ നിന്നും 40 കി മീ മാത്രം അകലെയാണ് ഈ എയർപോർട്ട്. കോലാലം പൂ



രിൽ മൂന്നര മണിക്കൂർ കാത്തിരുന്നാലെ സീം റിപ്പിലേക്ക് കണക്ഷൻ ഫ്ളൈറ്റ് കിട്ടുകയുള്ളൂ.

കോലാലംപൂരിലെ സമയം ഇന്ത്യൻ സമയത്തേക്കാൾ രണ്ടര മണിക്കൂർ മുന്നിലാണ്.ഈ സമയത്തിന്റെ മാറ്റം പ്രത്യേകം ശ്രദ്ധിക്കാൻ വിട്ടുപോയ കാരണം സീം റീപിലേക്കുള്ള കണക്ഷൻഫ്ളൈറ്റ് മിസ്സായത് വലിയ സങ്കടമായി.

നാട്ടിലേക്ക് വിളിച്ചു പുതിയടിക്കറ്റു എടുക്കലും വെബ്ചെക്കിൻ നടപടികൾ ഒക്കെയായി ആകെ കുഴപ്പ ത്തിലായിരുന്നു പുലർച്ചെയുള്ള കുറെ മണിക്കൂറുകൾ.

ഫ്ളൈറ്റ് മിസ്സായ ഞങ്ങളോട് കോലാലംപൂർ എയർപോർട്ട് ജീവനക്കാരുടെ പെരുമാറ്റം ഒട്ടും സഹായകരമായി തോന്നിയില്ല.

അടുത്ത ഫ്ളൈറ്റിൽ ഏഴുമണിക്കൂർ വൈകിയാണ് സീം റിപ് എയർപോർട്ടിൽ എത്തിയത്.

ഉച്ചയ്ക്ക് സീം റിപ്പിൽ ഇറങ്ങി വിസാ ഓൺ അറൈവൽ നടപടികൾ വളരെപെട്ടെന്നുതന്നെ പൂർത്തിയാക്കി നേരെ പോയത് സൗത്ത് ഈസ്റ്റ് ഏഷ്യയിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ടോൺലെ സാപ് ലേക്കാണ്. ഏകദേശം 129 കി.മീ.നീളമുള്ള ഈ തടാകം ടോൺലെസാപ് നദിയുമായി ചേരുകയും അത് പിന്നീട് മെക്കോങ് നദിയിൽ അവസാനിക്കുകയുമാണ്. ഈ തടാകത്തിൽ ഒഴുകിനടക്കുന്ന ഗ്രാമീണ ജീവിതം കാണാൻ ധാരാളം സഞ്ചാരികളെത്താറുണ്ട്. കലക്കു വെള്ളം നിറഞ്ഞ ജലാശയത്തി ലൂടെ അതിവേഗതയിൽ ചീറിപായുന്ന ബോട്ടുകളിലാണ് യാത്ര. അത്യന്തം ത്രില്ലിംഗ് എന്ന് വിശേഷിപ്പിക്കേണ്ടി യിരിക്കുന്നു ഈ യാത്രയെ. തടി പലകകൾ കൊണ്ട് തട്ടിക്കൂട്ടിയ ബോട്ടിൽ പ്രത്യേക സുരക്ഷാ സംവിധാനങ്ങളൊന്നുമില്ലാതെ റിസ്കെടുത്തു ഒരു സാഹസിക യാത്ര തന്നെ. തടാകത്തിൽ പില്ലറുകൾ ഉയർത്തി അതിലാണ് ഇവിടെ വീടുകൾ പണിഞ്ഞിരിക്കുന്നത്. മിക്ക വീടുകളിലും രണ്ടു മൂന്നുചെറു വള്ളങ്ങൾ കെട്ടിയിട്ടിട്ടുണ്ട്. വീടുകളിലെല്ലാം വൈദ്യുതി

ലൈനുകളും ബുദ്ധ മതക്കാരുടെ ആരാധനാരൂപങ്ങളും ഉണ്ട്. ഇടയ്ക്കു ക്രിസ്ത്യൻ പള്ളികളും പഗോഡകളും ധാരാളമായി പണിതിരിക്കുന്നു. എല്ലാം ജലാശയത്തിൽ തന്നെ എന്നതാണ് ആശ്ചര്യം. ഒപ്പം സ്കൂളും,ബാസ്കറ്റ്ബാൾ കോർട്ടും ഒരു ആശുപത്രിയും കാണാൻ കഴിഞ്ഞു. ഈ ഗ്രാമവാസികളുടെ പ്രധാന ഉപജീവന മാർഗം മൽസ്യ ബന്ധനവും മുതല വളർത്തലുമാണ്. അവിടെ Crocodile ഫാമുകൾ ധാരാളമായി കാണാൻ കഴിഞ്ഞു. കംബോഡിയയിലെ തീൻ മേശയിലെ വിശിഷ്ട വിഭവമാണ് മുതലയിറച്ചി. ഗ്രിൽ ചെയ്തും സ്റ്റീക് ഉണ്ടാക്കിയും ഫ്രൈ ചെയ്തും മുതലയിറച്ചി കഴിക്കാറുണ്ട്.




മഴക്കാലത്തു മെക്കോങ് നദിയിൽനിന്നും ജലം സ്വീകരിച്ചു 25 കിലോമീറ്ററോളം വലുതാവുകയും വേനലിൽ ജലം കുറഞ്ഞു ചെറുതാകുകയും ചെയ്യുന്ന അപൂർവ്വ പ്രതിഭാസമുള്ളതിനാൽ ഈ നദീതടം ലോകത്തിലെ ഏറ്റവും സമ്പന്നമായ ജൈവ വൈവിധ്യകേന്ദ്രമാണ്. മീനുകളും പാമ്പുകളും ജലപക്ഷികളും മുതലയും മറ്റു ചെറുജീവികളുമായി അതിസമ്പന്നമായ ജൈവ കലവറ.അങ്കോർ സംസ്കാരത്തിന്റെ കളിത്തട്ടിലായിരുന്നു ഇവിടെ. പോൾപോട്ടിൻറ കിരാത ഭരണകാലത്തു വിയറ്റ്നാമിലേക്കു പാലായനം ചെയ്ത ഈ നാട്ടുകാർ 1980 നു ശേഷം ഇവിടെക്കു തിരിച്ചെത്തുകയുണ്ടായി എന്ന് ഗൈഡ് പറയുന്നു.ഇന്ന് ധാരാളം വിയറ്റ്നാം വംശജരും ഇവരുടെ കൂടെ സഹവസിക്കുന്നു. കമ്പോഡിയയുടെ മൽസ്യസമ്പത്തിന്റെ 75% ഇവിടനിന്നാണ് വരുന്നത്.നല്ല കോള് കിട്ടുമ്പോൾ അധികമായി ലഭിക്കുന്ന മൽസ്യം ഉണക്കി സൂക്ഷിച്ചു വിൽക്കുന്ന രീതിയുമുണ്ടത്രെ. തടാകത്തിൽ മുങ്ങി ക്കിടക്കുന്ന സമൃദ്ധമായ കണ്ടൽ കാടുകൾ ജൈവ വൈവിധ്യത്തിനു മുതൽ കൂട്ടാവുകയാണ്. ഈ തടാകം വർഷത്തിൽ രണ്ടുതവണ വിപരീതദിശകളിൽ ഒഴുകുന്നു എന്നത് അത്യന്തം കൗതുകകരമായി. മെക്കോങ്നദിയുടെ ജലനിരപ്പാണ് അതിനു കാരണമാവുന്നത്. സഞ്ചാരികൾക്കു ബിയറും വെള്ളവും മറ്റു ചെറുകിട സാധനങ്ങളും വിൽക്കുന്ന ഒഴുകുന്ന കടകളും ഇടയ്ക്കുകാണാം. കൊച്ചു തോണികളിൽ വില്പനക്കാരായ പെൺകുട്ടികൾ അവരുടെ വള്ളങ്ങൾ അടുപ്പിച്ചു സാധനങ്ങൾ വിൽക്കുന്നുണ്ടായിരുന്നു. അമിതമായ ജൈവ ചൂഷണവും പൊല്യൂഷനും ഈ മനോഹര തീരത്തെ ശ്വാസം മുട്ടിക്കുന്നുണ്ടെങ്കിലും മാറിമാറിവരുന്ന കാലാവസ്ഥ പ്രക്രിയയിൽ ഇപ്പോഴും ടോൺലെസാപ് കംബോഡിയയുടെ പ്രോടീൻ കലവറയായി നിലകൊള്ളുന്നു.ഇതുകൊണ്ടുതന്നെയാകാം യുനെസ്കോ ഈപ്രദേശത്തെ സംരക്ഷിക്കപ്പെടേണ്ട ജൈവ വൈവിധ്യസമ്പത്തായി പ്രഖ്യാപിച്ചതു. നേരം ഇരുട്ടിതുടങ്ങി.ടോൺലെസാപിനോട് വിടപറയുകയാണ്. നക്ഷത്രങ്ങളോടൊപ്പം ജലയാനങ്ങളുംകണ്ണുതുറന്നുതുടങ്ങിയിരിക്കുന്നു.

ഇനി 15 കിമീ തിരികെയാത്രചെയ്തു സീംറിപ്പിലെത്തി ഹോട്ടലിൽ ചെക്കിൻ ചെയ്യണം.

(തുടരും)



# അശീതികൻ എം.മുകുന്ദൻ



കെ ആർ ജോൺസൺ

ഫ്രഞ്ചുകാരുടെ അധീനതയിൽ ആയിരുന്ന മയ്യഴിയിലാണ് മണിയമ്പത്ത് മുകുന്ദൻ എന്ന സാക്ഷാൽ എം മുകുന്ദന്റെ ജനനം. 1942 സെപ്റ്റംബർ പത്തിന് ജനിച്ച മലയാളത്തിന്റെ പ്രിയ കഥാകാരൻ ഇന്ന് അശീതി പിന്നിട്ടു.

അദ്ദേഹത്തിന്റെ പന്ത്രണ്ടാം വയസിലാണ് ഫ്രഞ്ചുകാർ മയ്യഴി വിട്ടു പോകുന്നത്. കഥകളിലൂടെയും നോവലുകളിലൂടെയും മലയാളിയുടെ വായനാലോകത്ത് മുകുന്ദൻ പിന്നീട് ചിര പ്രതിഷ്ഠനായി. ഫ്രഞ്ച് അധിനിവേശ സ്മരണകളോടൊപ്പം മയ്യഴിപ്പുഴ കഥാപാത്രമായും അദ്ദേഹത്തിന്റെ രചനകളിൽ കടന്നുവരുന്നുണ്ട്.

'നിരത്ത്' എന്ന ആദ്യ കഥ 1963ൽ പ്രസിദ്ധീകൃതമായി. 1965ൽ ആദ്യ ചെറുകഥാസമാഹാരം 'വീട്' പ്രസിദ്ധീകരിച്ചു. 66ൽ ഫ്രഞ്ച് എംബസിയിൽ ജോലിയിൽ പ്രവേശിച്ച മുകുന്ദൻ 2004 വരെ അവിടെ സേവനമനുഷ്ഠിച്ചു. ഫ്രഞ്ച് എംബസിയിലെ ഉദ്യോഗസ്ഥൻ ആയിരുന്ന നാളുകളിലാണ് അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതികളിൽ അധികവും കൈരളിക്ക് സമ്മാനിക്കപ്പെട്ടത്.

എഴുത്തുകാരന്റെ ചുറ്റുപാടുകളാണ് ഭാഷയെയും ശൈലിയെയും സ്വാധീനിക്കുന്നത് എന്ന് അദ്ദേഹം പറയുന്നു. നെരൂദയെയും ദെബ്രെയെയും പോലുള്ളവരെ എംബസിയുടെ ഇടനാഴികളിൽ കണ്ടുമുട്ടാനും പരിചയപ്പെടാനും കഴിഞ്ഞത് അദ്ദേഹം ഓർമിക്കുന്നുണ്ട്.

'ഡൽഹിഗാഥകൾ' എന്ന മുകുന്ദന്റെ നോവലിനെ 'മോഡേൺ ഇന്ത്യൻ ക്ലാസിക്' എന്നാണ് ഒ എൻ വി വിശേഷിപ്പിച്ചത്. താൻ കണ്ട കാഴ്ചകൾ അനുഭവിച്ചറിഞ്ഞ ജീവിതം എന്നിവ സത്യസന്ധമായി എഴുതുകയാണ് ചെയ്തതെന്ന് മുകുന്ദൻ വെളിപ്പെടുത്തുന്നു. വിഷയം എത്രതന്നെ സങ്കീർണമായാലും ആവിഷ്കാരം സുതാര്യമായിരിക്കണമെന്ന് തനിക്ക് നിർബന്ധമുണ്ട്.

സർക്കാരുദ്യോഗസ്ഥനും നോവലിസ്റ്റുമായ കേശവന്റെ ജീവിതവും കേശവൻ എഴുതുന്ന 'അപ്പുക്കുട്ടന്റെ വിലാപങ്ങൾ' എന്ന നോവലും സവിശേഷമായ വിധം ഇഴപിരിച്ച് വിരചിച്ചെടുത്തതാണ് 'കേശവന്റെ വിലാപങ്ങൾ' എന്ന കൃതി. നോവലിനുള്ളിലെ നോവൽ വായന ഒരു അനുഭവമാണ്. നോവൽ വായിച്ച് സാക്ഷാൽ ഇഎംഎസ് തന്നെ കേശവന്റെ വീട്ടിൽ വന്നപ്പോൾ അത് യഥാർത്ഥ ഇഎംഎസ് ആണോ തന്റെ കഥയിലെ കഥാപാത്രമായ ഇഎംഎസ് ആണോ എന്ന് വേർതിരിച്ചറിയാൻ പോലും സാധിക്കാത്ത അവസ്ഥയിലേക്ക് കേശവൻ എത്തിപ്പെടുകയാണ്.

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ, ഡൽഹി, ആദിത്യനും രാധയും മറ്റു ചിലരും, മുകുന്ദന്റെ കഥകൾ, തട്ടാത്തി പെണ്ണിന്റെ കല്യാണം തുടങ്ങി നിരവധി പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

എം മുകുന്ദനെ തേടിച്ചെന്ന പുരസ്കാരങ്ങൾ അനവധിയാണ്. എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, മുട്ടത്തുവർക്കി അവാർഡ് എന്നിവ പുരസ്കാരങ്ങളിൽ തിളക്കമാർന്നവ. ഫ്രഞ്ച് സർക്കാർ 'ഷവലിയാർ ഓഫ് ആർട്സ് ആൻഡ് ലെറ്റേഴ്സ്' ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

കവിത

# ഒറ്റ




ശ്രീജ വിജയൻ

ഒറ്റയ്ക്കിരിക്കുക ,
എന്നാൽ
ഓർമ്മയോട് ചേർന്നിരിക്കലാണ്.
ഗതകാല സമസ്യകളെ-
പൂരിപ്പിക്കലാണ്.
ചിന്തകളുടെ
പുതുവാനവട്ടങ്ങൾ തേടലാണ്.
വിടരുന്ന ആനന്ദത്തിൻ
സ്വപ്നസാഗരത്തിലെത്തലാണ്
പ്രാചീനതയിൽ നവീനത
കണ്ടെത്തലാണ്.
അസുലഭ ചാരുതയെ
തിരിച്ചുപിടിക്കലാണ്.
മൊഴി മാറ്റമില്ലാത്ത
വായനയാണ്.

ഒറ്റയാവുകയെന്നാൽ
കഠിന വ്യഥ പൂക്കും കാലം.
അലയടിക്കുന്ന ,
ക്ഷോഭ സമുദ്രം.
അർത്ഥം നഷ്ടപ്പെട്ടും,
ലോപിച്ചും പോയ
വാക്കുകളുടെ ക്ഷീണകാലം.
ശകലിത ജീവിത -
സങ്കീർത്തനത്തിൻ
തോരാമഴ.
പെയ്തു പെരുകിയ
നീർത്തുള്ളിതൻ മേളപ്പെരുക്കം

ഈ യാത്രയിൽ വന്നു ചേർന്നീടാതെയീ
മഴ നനയാതെ
കടന്നു പോയീടാനാർക്കാകും.
നിയതി തീർക്കുമീ
വഴി സഞ്ചാരങ്ങൾ.





സെയ്തലവി വിളയൂർ

# പ്രായമായ രോഗി



എത്ര അംഗസംഖ്യയുള്ള വീട്ടിലും
ഒരൊറ്റ മുറി സ്വന്തമാക്കാൻ
പ്രായമുള്ള
ഒരു രോഗിയായിരിക്കുക..

ആവശ്യങ്ങളുടെ പട്ടികകൾ
നേർക്കു നീണ്ടു വരാതിരിക്കാൻ
ഒറ്റമുറിയിൽ തളച്ചിടപ്പെട്ട
നിത്യരോഗിയാവുക..

ഒന്നിനും കൊള്ളാത്തവനെന്ന്
മുദ്ര കുത്തപ്പെടാതിരിക്കാൻ
എപ്പോഴും കുരയ്ക്കുന്ന
കാവൽ നായയാവുക..

എഴുന്നേറ്റു പോകാനാവുമ്പോഴും
കാറിക്കുരയ്ക്കുന്ന അസ്വസ്ഥതകൾ
ഉറ്റവർക്ക് പേറാൻ വിധം
കോളാമ്പിയിൽ മാത്രം നിക്ഷേപിക്കുക..

രോഗിയാണെന്ന ചിന്ത
വീടു മുഴുവൻ തങ്ങിനിൽക്കാൻ
മരുന്നു കുപ്പികളുടെ മൂടികൾ
എപ്പോഴും തുറന്നു തന്നെയിടുക..

പറ്റുമെങ്കിൽ മാത്രം
ഒരു വെളുത്ത തസ്ബീഹ് മാല
അപശബ്ദങ്ങൾക്കൊപ്പം
വെറുതെയെങ്കിലും ഉരുട്ടിക്കളിക്കുക..

അങ്ങനെ ഉറ്റവരിൽ
എപ്പോഴും പ്രതീക്ഷ മുളപ്പിക്കുന്ന
മരണത്തിന്റെ മണമുള്ള
പ്രായമായൊരു ഒന്നാന്തരം രോഗിയാവുക..

# ജീവിതസ്പന്ദനങ്ങൾ

ശില്പിയാൽ തീർത്തൊരു മൃൺമയശില്പങ്ങൾ
എന്തിനുവേണ്ടി നീ തച്ചുടച്ചു
ആത്മാവിനുള്ളിലെ മോഹത്താൽ തീർത്തൊരു
മോഹനവിഗ്രഹമായിരുന്നു

തന്ത്രികൾ മീട്ടുന്ന തംബുരുവൊക്കെയും
എന്തിനുവേണ്ടി തകർത്തെറിഞ്ഞു
ആത്മരാഗങ്ങൾ പകരുവാനായിഞാൻ
നിർമ്മിച്ച തംബുരുവായിരുന്നു

പട്ടുതൂവാലയിൽ തുന്നിയ ചിത്രങ്ങൾ
എന്തിനുവേണ്ടി നീ തീയിലിട്ടു
ആത്മാനുരാഗത്തിൻ രോമാഞ്ചമുൾക്കൊണ്ടു-
തുന്നിയ ചിത്രങ്ങളായിരുന്നു

മൊട്ടുവിരിഞ്ഞുള്ള റോസാദളങ്ങളെ
എന്തിനുവേണ്ടിയറുത്തെടുത്തു
ആത്മാവിനുള്ളിലായ് പൊട്ടീവിടർന്നൊരു
ആർദ്രമാം സ്നേഹപ്പൂവായിരുന്നു

പുസ്തകത്താളിലായെഴുതിയ കാവ്യങ്ങൾ
എന്തിനുവേണ്ടി നീ ചാമ്പലാക്കി
ഹൃദയത്തിനുള്ളിലെ രക്തത്താൽ തീർത്തൊരു
രമണീയ കാവ്യങ്ങളായിരുന്നു



കൃഷ്ണകുമാർ മാപ്രാണം

കുടചൂടിനിൽക്കുന്ന പൂമരമൊക്കെയും
എന്തിനുവേണ്ടി പിഴുതെറിഞ്ഞു
ജീവിതവഴികളിലൻപിൻറെ തണൽവീശും
ജീവിതസ്വപ്നങ്ങളായിരുന്നു

ജൈവവൈവിധ്യമുറങ്ങുന്ന കാവുകൾ
എന്തിനുവേണ്ടി നീ വെട്ടിമാറ്റി
ജീവൻതുടിക്കുന്ന നിത്യനിശ്ശബ്ദമാം
ജീവിതസ്പന്ദനമായിരുന്നു



# ചോക്ക്

നീറി നീറിപ്പുകഞ്ഞാറി
കൂട്ടുകൾ ചേർത്തിളക്കി
അച്ചിലമർന്നുറച്ച്
ഉയിരെടുക്കും.

കറുപ്പിൽ
വർണ്ണാക്ഷരങ്ങൾ
വിരിയിച്ച്
അന്യർക്കായി
പൊടിഞ്ഞു
ജീവിതം തീർക്കും.

മായ്ക്കപ്പെടും
എന്നറിഞ്ഞിട്ടും
തെളിമയോടെ
ഞെളിഞ്ഞു നിൽക്കും .

ഒലിച്ചിറങ്ങിയ മഷി
ഒപ്പിയെടുത്ത്
സ്വയമേവ തന്റെ
നിറം നഷ്ടമാക്കും.

വിട്ട് പോകാനാകാത്ത
അടയാളങ്ങൾ
അങ്ങിങ്ങായി
അവശേഷിപ്പിക്കും.

മൗനിയാണെങ്കിലും
ചില നൊമ്പരങ്ങൾ
ഞെരങ്ങി തീർക്കും.
കാഴ്ചക്കാരതിൻ
രോമാഞ്ചത്താൽ
കോരിത്തരിക്കും.





ശ്രീജ വിധു



# അവൾ

ഒളിപ്പിച്ചെടുത്ത്
ചാർത്തിയ മനസ്സ്
ഒരു നെടു വീർപ്പിലും
വെന്തു പോയില്ല!
മധ്യവേനലായിട്ടും
കരിഞ്ഞു പോയതുമില്ല!

ചന്ദന ശീതള തണുപ്പോടെ
അവൾ ഒന്നു പിടഞ്ഞമരവെ,
ചലനശേഷിയും
കണ്ണുനീർ പോലും
ഹൃദയത്തിലേയ്ക്ക്
കടത്തിവിട്ട്
സ്വയം എരിഞ്ഞവൾ!

ഉള്ളുരുകിത്തീർത്ത
വേവലാതിയിൽ
മയക്കം കൈവരിച്ചവൾ!

പിന്നാമ്പുറങ്ങളിലെ
ചപ്പിലയിൽ നോക്കി
എണ്ണിപ്പറഞ്ഞതൊക്കെ
വെറും ഒരു കടലാസിൽ
പകർത്തിയവൾ!

ഗൃഹാതുരക്കാഴ്ചകളിലെ
സുഗന്ധം പകരുന്ന
ഓർമ്മകളിൽ
പൊടിഞ്ഞു വീഴുന്ന
നിശ്ശബ്ദ വേദനകൾ
ഇന്നും ഓരോ മുക്കിലും
മൂലയിലും പെട്ട്
പ്രണയിച്ചു നീറിയ
ഇതളടരാത്ത ഒരു പൂവായി
ഇതാ ഇവിടെയുണ്ടവൾ
അവൾ !
ഒരു പ്രണയിനി!



കയ്യുമ്മു കോട്ടപ്പടി

# രണ്ട് പെണ്ണുങ്ങൾ

## ജലകന്യക*

അകക്കണ്ണിൽ ആഴിയുടെ അഗാധ നീലിമ.
അളകങ്ങളിൽ മണൽ പുഷ്പങ്ങൾ.
മാറോടണയ്ക്കാൻ വെമ്പുന്ന തിര.
താരുണ്യം ഉടയാതെ കാക്കുന്ന
നിശയും
നക്ഷത്രങ്ങളും .........

** കാനായിയുടെ ശില്പം.*



ദിവ്യ ബി കമ്മത്ത്

## അരുണി*

പാതിയടഞ്ഞ കണ്ണുകളിൽ അലിവ്
ഒഴിയാത്ത ആർദ്രത.
കൺ പീലിയിൽ
നീർത്തുള്ളിയുടെ ചാരുത.
ചോര ചിന്തിയ ഉടൽ.
ഉണങ്ങാത്ത മുറിവുകൾ.
മരവിച്ച ഹൃദയം.
അർജ്ജുനനായി തുടിക്കുന്ന
ധമനികൾ.
അരുണി
ആരു നീ
മുമ്പേ പറന്ന പക്ഷിയോ ......

** സി.രാധാകൃഷ്ണന്റെ മുൻപേ പറക്കുന്ന പക്ഷിക ളിലെ കഥാപാത്രം.*



# മറ്റെന്താണ് ......!

തീപിടിച്ച പച്ചമരം പോലെ
ഉള്ളം നീറുമ്പോൾ
ഹൃദയത്തിൽ വരഞ്ഞിട്ട
മൂർച്ചകളാണ്
കവിതകളായി പിറക്കുന്നത്

കവിത നേരനുഭവമാണ്
ചോരയുടെ ചേരപ്പുളച്ചലാണ്
തലച്ചോറിലെ ഞരമ്പിൻ വേരിൻ
തിണർപ്പിൻ പടർപ്പാണ്
കവിത ജീവിതം തന്നെയാണ്

കൂട്ടം ചേർന്നും, കൂട്ടം തെറ്റിയും
ദു:ഖിച്ചും, സന്തോഷിച്ചും
ആവലാതി പറഞ്ഞും, അധികാരം -
കാട്ടിയും
കുടുംബമായും

നോക്കൂ ;
കവിത ജീവിതവും
ജീവിതം കവിതയുമല്ലാതെ
മറ്റെന്താണ് ?!




രാജു കാഞ്ഞിരങ്ങാട്





രേഖ ദിനു

# ചാതകി



**ഹൃ**ദയത്തിന്റെ വേലിപ്പടർപ്പുകളിൽ തല തല്ലി വീഴുന്ന നനുത്ത മഴ. മാവിലകൾ മുറ്റത്ത് കൊഴിഞ്ഞു വീഴുന്നു. പായസം പോലെ അരിമണൽ കുഴഞ്ഞ മുറ്റം. സാവിത്രേച്ചീടെ ഉണ്ണിക്കിന്ന് കളിക്കാൻ കഴിയില്ല. മദ്ധ്യാഹ്ന സമയമടുത്താൽ അരാജകത്വത്തിന്റെ വെയിൽ വീഴാൻ തുടങ്ങും

അനന്തേട്ടൻ ചതുർ ധാമങ്ങളിലേക്ക് ദീർഘയാത്ര നടത്തിക്കൊണ്ടുവന്ന ദേവദാരു.......'അതീ മണ്ണീൽ പിടിക്കൂലാ' മുത്തശ്ശി പറഞ്ഞതോർക്കുന്നു. ദേവദാരു തന്നെയാണോ അല്ലയോ എന്നറിയില്ല. മുറ്റത്തിനരികിൽ തണൽ കുടനിവർത്തി നിൽക്കുന്ന മരം. മുത്തശ്ശി ശാന്തി പൂണ്ട് മണ്ണിലുറങ്ങുന്നു. പടിക്കെട്ടു പിന്നിട്ടപ്പോൾ അനന്തേട്ടനെക്കുറിച്ചോർത്തു.

ഓർമ്മ പോലെയാണ് അനന്തേട്ടന്റെ വരവും പോക്കും. വാധ്യാർക്ക് തിരക്കോട് തിരക്ക്. എഴുത്ത്, സമ്മേളനം, പുസ്തക പ്രകാശനം അങ്ങനെയങ്ങനെ... പോരാഞ്ഞ് ഇപ്പൊ മൂപ്പരുടെ മംഗലത്തിന്റെ തിരക്കും. അതിനിടേൽ ഈ ഒരേയൊരു കടുകുമണി ഉടപ്പിറന്നോളെ എങ്ങനെ നോക്കാനാ..... എ

ന്നാലും സഹോദരനെക്കുറിച്ച് അഭിമാനിക്കാനേ വകയുള്ളൂ എപ്പഴും.....

സുഭദ്രയുടെ വീട്ടിലേക്ക് എനിക്ക് നടക്കാവുന്ന ദൂരമേയുള്ളൂ. ചെറുപ്പം മുതലേയുള്ള കൂട്ട്.  അവളുണ്ടാവും എപ്പോഴും പൂമുഖത്ത്. ഒന്നുകിൽ പത്രമാസികയുമായി ചാരുകസാലയിൽ, അല്ലെങ്കിൽ മുടി വിടർത്തിയിട്ട് ഗന്ധ പാലയും തേച്ച് ,കൊന്നമരം ഉലയുമ്പോൾ, മരയോരത്ത്  ചീരക്കൂട്ടങ്ങൾ ഇളകുമ്പോൾ അവൾ വഴികളിലേക്ക് ചോദ്യശരങ്ങളുതിർക്കും. പ്രത്യേകതരം പെണ്ണ്.

പൂമുഖത്താരേം കാണാനില്ലല്ലോ?. നേരെ പുഴവക്കത്തേക്ക് വെച്ചു പിടിച്ചു. പുഴയോരത്തെ ഈറ്റക്കടവ് എന്റെയും സുഭദ്രയുടേയും സ്വകാര്യ സൊറയിടമാണ്.  പുഴയുടെ വന്യതയ്ക്കും വിസ്തൃതിക്കും ഒരു കുറവുമില്ല. ജൈവ വേലികളും സമൃദ്ധം. കോളേജ് അവധികളിൽ രാവിലെ പോയാൽ ഉച്ച വെയിലേറ്റേ ഞങ്ങള് കുളിച്ചു കേറൂ. കണ്ണാടി പോലുള്ള നീരൊഴുക്കിനു താഴെ വെടിപ്പായ മണലും വെള്ളാരം കല്ലുകളും. മുങ്ങാംകുഴിയിട്ടു ചെന്നാൽ ഇരിക്കാൻ  കസേരക്കല്ലുകൾ. വെള്ളമില്ലാത്ത തിട്ടയിലെല്ലാം വെള്ളി ഞാങ്ങണകൾ. ഈ കടവീന്ന് ആരും അക്കരേക്ക് നീന്തിക്കേറിയതായി കേട്ടിട്ടില്ല. ഈ പുഴയ്ക്കൊരു ആരവമുണ്ടായിരുന്നു. ആ നിഷ്കളങ്ക ശബ്ദത്തിന് വെറുതേ ചെവിയോർത്തു !

ആഹാ! ഈറ്റക്കടവിലെ കല്ലിൽ കാലും നീട്ടിയിരുപ്പുണ്ട് സുഭദ്ര. വിഷാദഛവി കൂട്ടി ഒരു കുഞ്ഞു പേപ്പർ അവൾ എന്റെ നേർക്കു നീട്ടി. സുഭദ്രേടെ ഇഷ്ട്ട സംഗതികളായ മീര ഭജന്റെ പരിഭാഷയാണെന്ന് തോന്നുന്നു.

'ഉദര വിശപ്പല്ല
പ്രണയ വിശപ്പാണ് ദൈവം തന്ന മനോഹര വികാരം
ഏറ്റവും നല്ലത് ദൈവത്തിന് നൽകണമല്ലോ!
അതിനാൽ പ്രണയ വിശപ്പ്  ഞാൻ ദൈവത്തിനു നൽകി
അതിനാൽ ഞാൻ ബ്രഹ്മചാരിയായി
ഇനിമേൽ ഞാൻ ജഡമോഹിയല്ല
ആത്മാവെത്രെ'

'രസായിട്ടുണ്ടല്ലൊ നിന്റെ എഴുത്ത്. ഇത് ഞാൻ അനന്തേട്ടന് കൊടുക്കാം. വായനശാല മാസികയിൽ പ്രസിദ്ധീകരിക്കാൻ പറയാം'- ഞാൻ പറഞ്ഞു

'നീ വരുന്നില്ലെ വീട്ടിലേക്ക്, ഏട്ടന്റെ മംഗലത്തിന് ബന്ധുക്കളൊക്കെ എത്തി തുടങ്ങി. വന്നാ നല്ല ചെമ്പാവരി പായസോം തുറ മാങ്ങേം കോട്ടു മാങ്ങേം പൂളീതു തരാം' ഞാൻ സുഭദ്രയുടെ  കൈയിൽ പിടിച്ചു വലിച്ചു .

അവളുടെ മരത്തണുപ്പുള്ള കൈകൾക്കെന്ത് ഭാരം

'എന്താ നിന്റെ അനന്തേട്ടന്റെ പെണ്ണിന്റെ പേര്? നടക്കുന്നതിനിടയിൽ അവൾ മെല്ലെ ചോദിച്ചു

'എത്ര തവണ പറഞ്ഞിരിക്കുന്നു
ചെമ്പ്രപ്പാടത്തെ ദേവയാനി ടീച്ചർ'

'ഭാഗ്യവതി' സുഭദ്ര മറുപടിയെന്നോണം പിറുപിറുത്തു

അവളോടൊപ്പം ഓടി അടുക്കള കോലായിലെത്തി നിന്ന് ഞാൻ സാവിത്രേച്ചിയെ നീട്ടി വിളിച്ചു

' ഇന്നിനി നാലുമണി കാപ്പി വേണ്ട,
രണ്ടു മൊന്തപ്പായസമെടുത്തോ ചേച്ചീ ഞങ്ങക്ക്..."

' സാവിത്രേച്ചി കോലായിലെത്തി എന്നെ ഗുഢമായി നോക്കി ചോദിച്ചു

ഞങ്ങളോ'... ?
രണ്ടു മൊന്തയോ?
ഒരു മൊന്ത ആർക്കാടീ....
ഞാൻ തിരിഞ്ഞു നോക്കി
കോലായി ശൂന്യം
വളപ്പ് ശൂന്യം

ഒരു കൂട്ടനിലവിളി പൊടുന്നനെ കാറ്റിനെത്തൊട്ടു
സുഭദ്രയുടെ വീട്ടിലേക്ക് ആളുകൾ ഓടുന്നു!
ഈറ്റക്കടവിൽ ഒരു ജഡം പൊന്തീത്രെ....!

●

കവിത





റീജാ മോഹൻദാസ്. പി

# വിലക്കെടുത്ത വാനം

ഇന്നു ഞാനെന്റെയുണ്ടികയെറിഞ്ഞുടച്ച്
എണ്ണി തിട്ടപ്പെടുത്തിയ ചില്ലറത്തുട്ടാൽ
വിശാലമായ വാനമൊന്നാകെ വിലക്കെടുത്തു..
വിലമതിക്കാനാകാത്ത സ്വപ്നമൊന്ന് നേടിയെടുത്തു..
ഇനി എനിക്കെന്റെ സംഘർഷഭരിതമാം മനത്തെ
ആകാശത്തിന്റെ അഗാധതയിലേക്കു പറത്തി വിടേണം..
അകക്കാമ്പിലെ നോവുകളെല്ലാം വേരോടെ പിഴുത്
മേഘങ്ങളിൽ ഒളിപ്പിച്ച് മഴയായ് പൊഴിക്കേണം..
എൻ മേനിയിൽ മുളപൊട്ടും തിന്മയുടെ വിത്തുകൾ
സൂര്യന്റെ കോപാഗ്നിയിൽ എരിയിച്ചു കളയേണം...
അതിരില്ലാ മോഹങ്ങളെ കടിഞ്ഞാൺ
പൊട്ടിയ പട്ടമായ് അകലേക്കു പറത്തേണം..
എന്റെ താഴിട്ടു പൂട്ടിയ കിനാക്കൂട്ടങ്ങളെ
കാറ്റിൻ തുമ്പിലിരുത്തി വിദൂരതയിലേക്കു വിടേണം...
എന്നിലെ നിർമ്മലമാം സ്നേഹ വല്ലികൾ
മഞ്ഞു തുള്ളികളിൽ പടർത്തി ഇലപ്പച്ച കളിലേക്കു ചാർത്തേണം..
ഒടുവിൽ നിഷ്കളങ്കമായ് പുഞ്ചിരിതൂകുമമ്പിളിയെ
നെഞ്ചോടു ചേർത്തൊരു രാത്രി ഉറങ്ങേണം... ശാന്തമായ്...

# അടുക്കളയിലെ വെളിപാടുകൾ

കവിത

തേങ്ങ
വീട്ടിലെ കാരണോരെപ്പോലെ
ആരു മുട്ടിയാലും മുഷ്കാണ് .
പക്ഷേ,
ഉള്ളു നിറച്ചും വെള്ളയും ..

അരി
വീട്ടിലെ മുത്ത കുട്ടിയെപ്പോലെയാണ്
ഒരു മൂലക്കിരുന്ന്
തെളച്ച് തെളച്ച് പാകമാകും
ഇടക്കൊന്ന് എത്തിനോക്കിയാൽ മതി.

പഞ്ചാര
കാര്യം നേടാൻ കുണുങ്ങുന്ന
കുഞ്ഞുമോളാണ്.
എപ്പോ നോക്ക്യാലും
ആർക്കായാലും  മധുരിക്കും

പാൽ
പിച്ചവെക്കുന്ന കുറുമ്പനത്രെ
കണ്ണൊന്നു തെറ്റിയാൽ
കണ്ടോണ്ടു നിൽക്കെ
തിളച്ചു തൂവും.

ഉപ്പിലിട്ട മാങ്ങ
ഉപദേശമാകുന്നു.
പഴയവർക്ക് പഥ്യമാണത്
എത്ര കഴിഞ്ഞിട്ടും കെട്ടുപോകാത്തതെന്തേ?
എന്ന് കേട്ടിരിക്കുന്നവർ

കറി.
വീട്ടിലെ കുരുത്തം കെട്ടോരാണ്
ആരൊക്കെ ചുറ്റുമുണ്ടായാലും
അവരെത്തന്നെ നോക്കിക്കോണം
അല്ലെങ്കിൽ,
ഒന്നിനും കൊള്ളാതാകും.

കറി നന്നെങ്കിൽ
കാലവും നന്നെന്ന്
അടുക്കള മൊഴി.
പുതിയതൊന്ന് !



സരസ്വതി കെ. എം.



കവിത

# 'കോഴിക്കൂടുകൾ'

കൂട്ടിൽ ചുറ്റിയും
പുറത്തു ചിക്കിപ്പെറുക്കിയും
ആകാശം കാണാം...

പുറത്ത് ആകാശം
കാണുന്ന ചെറു ജീവികളെ കൊത്തിനുറു
ക്കിയും...
വെട്ടിവിഴുങ്ങിയും...
ആകാശം കാണാം.

വീണ്ടും കൂട്ടിലൊതുങ്ങി,
ചരിഞ്ഞു നോക്കി
ആകാശം കാണാം...

മൂന്നാംക്കണ്ണുള്ളവർക്ക്,
തീറ്റ വിതറുന്ന
ഉടമസ്ഥന്റെ
മനസ്സിൽ വളരുന്ന,
കൊള്ളലാഭത്തിന്റെ
ഇരുണ്ട
ആകാശവും കാണാം...

കൂടിന്റെ
അഴികൾക്ക്
ആകാശത്തെ വെറുപ്പാണ്!...

ആ സത്യം
എല്ലാ കോഴികൾക്കും
അറിയാം...

അവ
ചിക്കിപ്പെറുക്കുമ്പോൾ
കുഞ്ഞുങ്ങളെ
പഠിപ്പിക്കും:

'ഇര തേടുമ്പോൾ
തല കുനിയ്ക്കണം...

വിഴുങ്ങുമ്പോൾ
തല ഇടത്തോട്ടും



ചാക്കോ ഡി അന്തിക്കാട്



വലത്തോട്ടും
വെട്ടിക്കണം...

അതിനു ശേഷം
തല ഉയർത്തണം...
ആകാശം ശരിക്കും
കാണണമെങ്കിൽ...'

അന്നത്തിനും
ഇണചേരലിലും മാത്രം,
മനസ്സും ശരീരവും
ഊർജ്ജസ്വലമാക്കി,
പുറത്തിറങ്ങാതെ...
കണ്ണുകൾക്കൊണ്ടും,
ഉൾക്കണ്ണുകൾക്കൊണ്ടും
ചുറ്റിക്കറങ്ങാതെ,
എന്നും അടച്ചിട്ട
വീടെന്ന അടിമക്കൂട്ടിൽ
കഴിയുന്നവരോട്,
വിശാലമായ
അനുഭവങ്ങളുടെ,
ആകാശത്തിന്റെ,
സാധ്യതകൾ
പറഞ്ഞിട്ടെന്തു കാര്യം?...

സ്വപ്നത്തിലെങ്കിലും
ഒന്നു പുറത്തിറങ്ങി
ചിക്കിപ്പെറുക്കാൻ
മോഹിക്കാത്തവരോട്,
ഇതൊക്കെ
കവിതയിലൂടെയും
പറഞ്ഞിട്ടെന്തുകാര്യം?

അവരുടെ,
നിത്യജീവിതസ്പന്ദനക്കൂടുകൾ,
അനശ്വരത ലംഘിക്കും
മരണത്തിൻ ശവപ്പെട്ടികൾ!

അവരുടെ
ശൂന്യമാം സ്വപ്നക്കൂടുകൾ,
ഒരിക്കലും തുറക്കാത്ത
കോഴിക്കൂടുകൾ!



സതീഷ് കളത്തിൽ.



# അതിൽപിന്നെയാണ്

അവിഹിത ഗർഭം ധരിച്ച
ഏതോ പെണ്ണ്
കുപ്പത്തൊട്ടിയിലുപേക്ഷിച്ച
നവജാതശിശുപോലെ,
ആരോ
തെരുവോരത്തു പിഴുതിട്ട
ഒരു തൈ.

ചിറുങ്ങനെ വാട്ടം പിടിച്ചിട്ടുണ്ട്.
ഇടത്തോട്ടും വലത്തോട്ടും നീട്ടമുള്ള
തളർന്ന രണ്ട് വേരുകൾ.
മൊട്ടത്തലയെന്നു പേരുദോഷം
കേൾപ്പിക്കാതിരിക്കാൻ
ഒരു തളിരില; ഞെട്ടിൽ
ഒട്ടിപ്പിടിച്ചൊരു കൂമ്പ്.

കാലം മാർവേഷം കെട്ടി
നിസ്സഹായതയോടെ കൺമുൻപിൽ
കിടന്നിരുന്നതുപോലെ...!

എന്റെ,
ഊഷരമായി കിടന്നിരുന്ന
ഏദൻതോട്ടത്തിൽ
ഇനിയൊരു വിത്തുപോലും
മുളക്കില്ലെന്ന ദൃഢപ്രതിജ്ഞ
ഈ കുഞ്ഞു തൈയ്ക്കുമുൻപിൽ
അടിയറവ് പറഞ്ഞു.

ഇതുവരെയുള്ള വിതുമ്പലുകളേയും
ഇന്നിൻറെ മിടിപ്പുകളേയും
സമം ചേർത്ത; പേരില്ലാത്ത
എന്തോ ഒന്ന്, കണ്ണുംപൂട്ടി
അതിനു ചുറ്റും വിതറി.
കട്ടപ്പിടിച്ചുക്കിടക്കുന്ന നിണത്തെ
ആർദ്രമാക്കി ദിനവും തളിച്ചു.

ഓരോ രാവും പുലരുമ്പോൾ
ഓരോരോ കുതുകങ്ങളേകി
ഓരോ പരിണാമങ്ങളെനിക്കതു
സമ്മാനിച്ചുക്കൊണ്ടിരുന്നു.

അതിന്റെ,
അറ് സെൻറിമീറ്റർ നീളവും
അര സെൻറിമീറ്റർ വണ്ണവും
കൂടിക്കൂടി വന്നു.
മൊട്ടത്തല, പച്ചപ്പട്ട് വിരിച്ച
പുൽമേടുപോലെയാകാൻതുടങ്ങി.
ചില്ലകളും ഇലകളും പൂക്കളും
കായ്ക്കളും സമൃദ്ധമായത്
എന്നിലും വളർന്നു.

പിന്നീടെപ്പൊഴോവാണ്,
രാവിന്റെ പല യാമങ്ങളിലായി
ചരട് പറിഞ്ഞുപ്പോയ പട്ടങ്ങൾ
വീണ്ടുമെന്നിൽ
വിരുന്നെത്താൻ തുടങ്ങിയത്.

അതിൽപിന്നെയാണ്,
വെയിലോർമ്മകൾ മടങ്ങി വന്നതും
ചെറുകാറ്റിന്
ഉഷ്ണംവെയ്ക്കാൻ തുടങ്ങിയതും.

ഉറഞ്ഞുക്കിടക്കുന്ന അതിശൈത്യം
അഗ്നിസ്പുലിംഗങ്ങളായ്
ചിന്നിച്ചിതറി നൃത്തംവെയ്ക്കാനും
കാറ്റിന്റെ ചുംബനങ്ങൾക്കു
ചോപ്പ് കലർന്ന ഉപ്പ്
മണക്കാനും തുടങ്ങിയതും
അതിൽപിന്നെയാണ്.

കട്ടെടുത്ത അക്ഷരങ്ങൾ
ചുട്ടെടുത്ത കവിതകളായതും
തിരകൾ നഷ്ടമായ കടൽ
ആർത്തിരമ്പാനാരംഭിച്ചതും
നിലാവിനു ചന്തം തികഞ്ഞതും
ഋതുക്കളിലൂടെ മടക്കയാത്ര ചെയ്യാൻ
നീലമേഘത്തുണ്ടുകളെ ശേഖരിച്ച്
ആകാശനൗക പണിതതും
അതിൽപിന്നെയാണ്.

അതിൽപിന്നെയാണു ഞാൻ വീണ്ടും
ഋതുമതിയായതും
കായ്ക്കാനാരംഭിച്ചതും..!



# ആത്മാക്കളുടെ അത്താഴം



ജോഷി ബാലകൃഷ്ണൻ

**വൈ**കീട്ട് ഓഫീസിൽ നിന്നും താമസ സ്ഥലത്തേക്ക് നടക്കുമ്പോള് എതിരേ വന്ന ഓട്ടോയിൽ നിന്നും തല പുറത്തേക്ക് നീട്ടി ഡ്രൈവർ എന്തോ പറഞ്ഞ് കടന്ന് പോയി. പെട്ടെന്ന് ആയതുകൊണ്ട്, ആരാണെന്നോ കാര്യമെന്താണെന്നോ പിടികിട്ടിയില്ല.

തിരിഞ്ഞ് നോക്കുമ്പാൾ ഓട്ടോയുടെ പേരാണ് കണ്ണില്പ്പെട്ടത് 'ശ്രീ കട്ടീൽ '

ഓ.... അത് ലിങ്കപ്പനായിരിക്കും അയാൾ വൈകീട്ടത്തെ പരിപാടിയെക്കുറിച്ച് ഓർപ്പിചതായിരിക്കും.

ലിങ്കപ്പന് ഈയിടെ ആയി എപ്പോൾ കണ്ടാലും അതു മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ.

ലിങ്കപ്പന് പഞ്ചായത്തിലെ താത്കാലിക ഡ്രൈവറാണ്. നാല്പ്പതിനോടടുത്ത പ്രായം, മെലിഞ്ഞ ശരീരപ്രകൃതം. ലിങ്കപ്പ പൂജാരി എന്നാണ് അയാളുടെ മുഴുവന് പേര്. ദിവസ വേതനത്തിന് ജോലി ചെയ്യുന്നു. കൂടെ താമസിക്കുന്ന പഞ്ചായത്ത് സെക്രട്ടറി വിനോദ് വഴിയാണ് ഞാന് അയാളെ പരിചയപ്പെട്ടത്.

ലിങ്കപ്പന് അടുത്തയിടെയാണ് പഞ്ചായത്തിൽ പണി കിട്ടിയത്. അയാളുടെ വലത് കൈക്ക് അൽപ്പം സ്വാധീനക്കുറവുണ്ട്. ഒരു അപകടത്തിൽ പെട്ടതാ. എങ്കിലും അയാൾ ജീപ്പ്, ഓട്ടോ മുതലായ ലഘുവാ വാഹനങ്ങൾ നന്നായി കൈകാര്യം ചെയ്യും. അതിനെക്കാളുപരി അയാളുടെ ദൈന്യതയും വിധേയത്വവുമൊക്കെ കണ്ടിട്ടാകണം സെക്രട്ടറി വിനോദ് അയാളെ തിരഞ്ഞെടുത്തത്. അതിന്റെ ഒരു കൂറ് അയാൾക്ക് എന്നും അവനോട് ഉണ്ട്. വിനോദിന്റെ സുഹൃത്തായ എന്നൊട് പോലും അവൻ തികഞ്ഞ ബഹുമാനത്തോടെയാണ് പെരുമാറുന്നത്. പ്രാദേശികമായ എന്തു സഹായത്തിനും അ

വനുണ്ട്. സ്വകാര്യ യാത്രയ്ക്ക് അവന്റെ 'ശ്രീകട്ടീൽ'എന്നും വിളിപ്പുറത്താണ്. ഒഴിവ് ദിവസങ്ങളില് അവന്റെ ഓട്ടോയിലാണ് ഞങ്ങൾ "മനസ്വിനി" ബാറിൽ പോകാറ്. മദ്യപിക്കില്ലെങ്കിലും ബാറില് മണിക്കൂറുകളോളം കാത്തുകെട്ടിക്കിടക്കാന് അവന് മുഷിച്ചിൽ ഇല്ല.

തിങ്കളാഴ്ച രാവിലെയാണ് ലിങ്കപ്പന് റൂമിൽ വന്ന് ക്ഷണിച്ചത്. ആട്ടി മാസത്തില് തുളു നാട്ടുകാര് വീട്ടിൽ എന്തോ പൂജ നടത്തുന്ന ചടങ്ങുണ്ട് അതിന് ചെല്ലാനാണ് ക്ഷണം.

നമ്മളെ മാത്രമേ പുറത്തു നിന്ന് അതിഥികളായി പ്രത്യേകം വിളിച്ചിട്ടുള്ളൂ. ബാക്കി വീട്ടുകാർ മാത്രമേ ഉണ്ടാകൂ ആകെക്കൂടെ എട്ടു പത്തു ചേർ അത്രയെ ഉള്ളൂ.തീർച്ചയായും പോകണം വിനോദ് പറഞ്ഞു.

പഞ്ചായത്തിലെ ഒന്നു രണ്ട് ജീവനക്കാരോടൊപ്പം വിനോദിനോടുള്ള അടുപ്പം കണക്കാക്കി അയലത്തെ മുറിയിൽ തമസിക്കുന്ന എന്നെക്കൂടി വിളിച്ചതാകാം. പലപ്പോഴും ഞങ്ങൾ ഒരുമിച്ച് പചക പരീക്ഷണം നടത്താറുണ്ട്. . അങ്ങനെയാണ് ഒരു ആത്മ ബന്ധം വളർന്നത്. ഞങ്ങൾ തമ്മിലുള്ള അടുപ്പം അവനും അറിവുള്ളതാണ് അതുകൊണ്ട് കൂടിയാകാം എന്നെ ക്ഷണിക്കാൻ. ഒരു പക്ഷേ അവൻ പറഞ്ഞ് വിളിപ്പിച്ചതുമാകാം. അല്ലാതെ കുടുംബ സദസ്സിലേക്ക് ക്ഷണിക്കപ്പെടാൻ മാത്രം ഒരടുപ്പം ഞങ്ങൾക്കിടയിലുണ്ടോ? ഞാൻ സശയിച്ചു.

ഇത്തരം പൂജാദി ചടങ്ങുകൾക്ക് അതിഥികളെ വിളിക്കാറുണ്ടോ? അതിന്റെ ആവശ്യമെന്ത് ? അങ്ങിനെയൊക്കെ ചന്തിച്ച് ഞാനൊന്ന് മടിച്ചതാ. സത്യനാരായണ പൂജ, വരലക്ഷ്മീ പൂജ നാഗറ പഞ്ചമീ പൂജ തുടങ്ങി അനേകം ചടങ്ങുകളുണ്ട് ഇവിടുത്തുകാർക്ക്. അതുപൊലെ ഏതെങ്കിലും ഒന്നായിരിക്കും ലിങ്കപ്പന്റെ വീട്ടിലെ ബഡസൂദു.

ഓഫിസിലെ അസിസ്റന്റ് നേത്രാവതിയുടെ വീട്ടിൽ ഒരിക്കൽ പോയിരുന്നു. സത്യനാരായണ പൂജയ്ക്ക്. അന്ന് ബന്ധുക്കളും ഓഫിസ് ജീവനക്കാരും നാട്ടുകാരും ഒക്കെയായി പത്തു നൂറ്റമ്പത് ആളുകൾ ഉണ്ടായിരുന്നു സദ്യയ്ക്ക്. അതു പോലെ വല്ലതുമാകാം.ഞാന് ഓർത്തു.

ഇത്തരം ചടങ്ങുകളോട് പൊതുവെ ഒരു തരം വിരക്തിയാണ് എനിക്ക്. ദൈവങ്ങളൊട് എന്താണ് ഇത്ര വിരക്തി ? എന്നൊക്കെ ചോദിച്ചാൽ എനിക്ക് ഉത്തരമില്ല. ഞാനൊട്ട് ഒരു ദൈവ വിരോധിയുമല്ല. ഇത്തരം വിചാരങ്ങൾ എന്റെ പോരായ്മകളാണെങ്കിൽ അത് ഞാൻ അംഗീകരിക്കാൻ തയ്യാറുമാണ്. എങ്കിലും ഒഴിവാക്കുകയാണ് പതിവ്.

ലിങ്കപ്പന്റെപരിപാടി എങ്ങനെ ഒഴിവാക്കാമെന്ന ഞാന് ആലോചനയിലായിരുന്നു ഞാന്. അപ്പോഴാണ് അയാളുടെ ആവർത്തിച്ചുള്ള ക്ഷണം. ഈയിടെയായി എവിടെക്കണ്ടാലും അയാൾക്ക് പറയാനുള്ളത് ഈ കര്യം മത്രമാണ്. പിന്നെ വിനോദിന്റെ നിർബന്ധവും. ശ്രീകാന്തിനും മാധവനും ഇപ്പോഴും എന്നോട് ഒരു നീരസമുണ്ട്. അവർ ഇതു പോലെ പരിപാടികള്ക്ക് വിളിച്ചിട്ട് ചെല്ലാത്തതിന്.

എന്നാല് പിന്നെ ഇനി ഇവനും ഒരു പരിഭവം വേണ്ട. പോയേക്കാം എന്നു വിചാരിച്ചു.

ലിങ്കപ്പന് മലയാളം കേട്ടാൽ മനസ്സിലാകും എന്നേയുള്ളൂ. തിരിച്ച് മറുപടി തുളു കലര്ന്ന കന്നടയിലേ പറയൂ. പലപ്പോഴും അവന്റെ ഉച്ചാരണം തന്നെ എനിക്ക് മനസ്സിലാകാറില്ല. അതുകൊണ്ട് നമ്മളോട് ഇട പഴകാൻ ഒരു പരിമിതിയുണ്ട്. സ്നേഹവും വിധേയത്വവും അവൻ വാക്കുകളിൽ ഒതുക്കാറില്ല.

ഇന്നലെ വൈകീട്ട് വിനോദിന് കുക്കിങ്ങ് ഗ്യാസ് കൊണ്ടു വന്നപ്പോൾ അവൻ റൂമിൽ വന്ന് രണ്ടാം വട്ടവും ക്ഷണിച്ചിട്ട് പോയതാണ്. ഇപ്പോഴിതാ കാണുമ്പോഴൊക്കെ അവന് ഇതു മാത്രേമേ പറയാനുള്ളൂ. എങ്ങനെ നിഷേധിക്കാനാ.

ചിലപ്പോഴൊക്കെ ചിലരോടെങ്കിലും നിഷേധ വാക്ക് പറയാൻ ഒരു മടിയാ.....ദാ ഇപ്പോൾ അവൻ ഓട്ടോയുമായി ഗേറ്റിൽ വ



ന്നിരിക്കുന്നു. ഇഷ്ടമില്ലെങ്കിൽ കൂടി അവനെ തൃപ്തി പെടുത്താൻ മാത്രം ഇറങ്ങിത്തിരിച്ചതാണ്

രാത്രി ഏതാണ്ട് എട്ടു മണി കഴിഞ്ഞിട്ടുണ്ടാകും. ലിങ്കപ്പ വണ്ടിയുമായി വന്നു. ഞങ്ങൾ നാലഞ്ചുപേർ അവനോടൊപ്പം ഇറങ്ങിത്തിരിച്ചു.

ചന്ദ്രശോഭ തീരെ അണഞ്ഞു പോയ ആടിമാസ രാവ്. നക്ഷത്രങ്ങൾ കണ്ണുതുറക്കാൻ ഭയന്ന് ഇരുളിന്റെ മറയത്ത് ഒളിഞ്ഞിരിക്കുന്ന ആകാശം. പെയ്ത് തോർന്ന മഴയുടെ ഉച്ഛിഷ്ടം പോലെ ഇടയ്ക്കിടെ വീശുന്നത തണുത്ത കാറ്റ്. തിങ്ങിനിറഞ്ഞ "കട്ടീൽ" ഓട്ടോ ഇരുട്ടിലൂടെ മഴ വെള്ളം തളം കെട്ടിയ കണ്ടും കുഴിയും താണ്ടി ഒരു ഗർഭിണിയെപ്പോലെ ഏന്തി വലിഞ്ഞ് അവശയായി ധർമ്മനഗറിലെത്തി.

സോഡങ്കൂർ മലയുടെ അടിവാരത്താണ് ധർമ്മനഗർ. പേരിൽ മാത്രമേ നഗര ഉള്ളൂ. ഒരു ഓണം കേറാ മൂല. ഭൂരിഭാഗവും കന്നഡിഗർ താമസിക്കുന്ന അതിർത്തി ഗ്രാമം. ചെങ്കല്ല് കെട്ടി തറപണിഞ്ഞ ഒരു വൻ ഗോളി മരം നിൽപ്പുണ്ട് അവിടെ. ചെമ്പട്ട് ഉടുത്ത് പുഷ്പഹാരങ്ങൾ അണിഞ്ഞ് ഉല്ലാല്ച്ചി ഭഗവതി അതിനു ചുവട്ടിലിരുന്ന് ഉറങ്ങുന്നുണ്ട്. കെടാറായഅന്തിത്തിരിമുനിഞ്ഞ്കത്തുന്നുണ്ട്. എതിർ വശത്തായി ഒരു ബസ്സ് ഷെൽട്ടർ,അതിനോട് ചേർന്ന് ഒരു മാടക്കട അടഞ്ഞു കിടപ്പുണ്ട്. ഏഴുമണി കഴിയുമ്പോഴെക്കും ഉറക്കത്തിലെക്ക് വീഴുന്ന കുഗ്രാമം.

വണ്ടി ഇവിടെ വരയേ പോകൂ, ലിങ്കപ്പപറഞ്ഞു

ഞങ്ങള് വണ്ടിയില് നിന്നും ഇറങ്ങി.

കാലെടുത്ത് കുത്തിയത് ചെമ്മൺ വഴിയിൽ തളം കെട്ടിയ പെയ്തു വെള്ളത്തിലേക്കായിരുന്നു. അസ്വസ്തത അപ്പോഴെ തുടങ്ങിയതാണ്. വണ്ടിയിലിരിക്കുമ്പോഴും മനസ്സ് പലയാവർത്തി വിലക്കിയതാണ്.. പക്ഷേ ചിലരിലെ നന്മയെക്കരുതി ചെറിയ ചില വിട്ടു വീഴ്ചകൾ ചെയ്തല്ലേ പറ്റൂ. എന്ന് ഞാൻ സ്വയം സമാധാനിപ്പിക്കുകയായിരുന്നു

ഇനിഅല്പ്പംനടക്കണം. ലിങ്കപ്പമുന്നേന ടന്നു

ഞങ്ങള്നാലഞ്ച്പേര് പുറകേ. വലത്തോ ട്ടുതിരിഞ്ഞ്താഴോട്ട്കുണ്ടനിടവഴിയിലൂടെര ണ്ട്മിനിട്ട്നടന്നാല് ആദ്യംഇടത്ത്അവന്റെവീ ടായി.

സാധാരണക്കാരില്സാധാരണക്കാരായഒ രുകുടുംബം. വീട്ടില് എല്ലാവരുംഞങ്ങളെകാ ത്ത്ഉമ്മറത്ത്കോലായില് നില്പ്പുണ്ടായിരു ന്നു. ഞങ്ങള്ചെന്നതുംഎല്ലാവരുംഉപചാരപൂ ർവ്വംതൊഴുകൈയ്യോടെസ്വീകരിച്ചു. നിലവി ളക്കിന്റെപ്രഭയുംചന്ദനത്തിരിയുടെഗന്ധവും നിറഞ്ഞഉമ്മറത്തുനിന്നുംപുരുഷന്മാര്ബഹു മാനപുരസ്സരം ഞങ്ങളെഒരുചായിപ്പ്മുറിയി ലേക്കാണ് കൂട്ടിയത്. സ്ത്രീകള്തായ്മുറിയി ലേക്ക്പിന്വാങ്ങി.

അവിടെ, വീട്ടുസാധനങ്ങള് ഒരു മൂലയി ല് ഒതുക്കി, നടുവില് ഞങ്ങള്ക്കായി തീന് മേശയും കസാലകളും ഒരുക്കിയിട്ടുണ്ട്.

ജ്യേഷ്ഠന് നാഗരാജിന്റെ മേല്നോട്ടത്തി ലായിരുന്നു സല്ക്കാരം. ആയാള് ഒരു നല്ല പാചകക്കാരനാണത്രേ.

ചിക്കന് ടിക്ക, ചില്ലി ചിക്കന്,മുട്ട റോസ്റ്റ്, അപ്പം, ചോറ് തുടങ്ങിയവയെല്ലാം പെട്ടെന്നു തന്നെ മേശമേല് നിരന്നു. പിന്നെ ആവശ്യ ത്തിന് തരാതരം ബ്രാന്റുകള് മദ്യം. മൈസൂ ര് ലാന്സര്,ബാജ് പൈപ്പര് വിസ്കികള്,മാ ജിക് മൊമന്റ്സ് വൈറ്റ് റം മൂന്നും ഓരോ ഫുള് ബോട്ടില്,മദ്യപിക്കാത്ത വരെ ഉദ്ദേശി ച്ചാകണം വീര്യം കുറഞ്ഞ ബിയര് നാലു ബോട്ടില്.

ബിയറുപോലും കഴിക്കില്ലെന്ന് പറഞ്ഞ പ്പോള് ഒരു ബോട്ടില് സ്പ്റൈറ്റ് എനിക്കു നേരെ നീട്ടി.

രുചികരമായ ഭക്ഷണത്തിന്റെ ആവി പാ റുന്ന മുറ്റിയ ഗന്ധം അധിക നേരം ഉപചാ രം പറഞ്ഞിരികാനോ മന്യത നടിച്ച് മിത ത്വം പാലിക്കനോ ആരും കൂട്ടാക്കിയില്ല.

“ഇവിടെ വന്നതിന് ശേഷം ആദ്യമായി ട്ടാണ് ഇത്ര രുചികരമായ ഭക്ഷനം കിട്ടുന്ന ത്”. അസിസ്റ്റന്റ് സെക്രട്ടറി രാജേഷ് ആര് ത്തിയോടെ തിന്നുന്നതിനിടയില് പറഞ്ഞു

“എല്ലാം ചേട്ടനുണ്ടാക്കിയതാ” കമലാക്ഷ ന് പറഞ്ഞു.

ഹോട്ടലില് കിട്ടുന്നത് ഇതിന്റെ നാലയ ലത്തുപോലും വരില്ല. ഒരുസിപ്പ് വിസ്കി അ കത്താക്കുന്നതിനിടെ അക്കൌണ്ടന്റ് ദിനേ ശന്പറഞ്ഞു

ആവര് ഒരു മല്സരത്തിന്റെ ആവേശ ത്തോടെയാണ് തട്ടിവിടുന്നത്.

സെക്രട്ടറി വിനോദ് സംസാരിക്കാന് പോ ലും സമയം പാഴാക്കാതെ കര്മ്മനിരതനാ ണ്.

ഞാന് ലിങ്കപ്പയോടും അവന്റെ ജ്യേഷ്ഠ നോടും ഓരോന്ന് സംസാരിച്ചുകൊണ്ടിരു ന്നു.

കമലാക്ഷന് ഇടക്കിടെ മുറിയിലേക്ക് വ രുന്ന ഓരോരുത്തരേയും പരിചയപ്പെടുത്തു ന്നുണ്ട്. സ്പ്റൈറ്റ്

കൊണ്ടുവന്നത് മൂത്ത മകന് രംഗനാഥ്, എട്ടാം ക്ലാസ്സില് പഠിക്കുന്നു. ടി വി യുടെ റിമോട്ട് കൊണ്ടുവന്നത് ഇളയമകന് മഞ്ജു നാഥ് അവന് ആറില് പഠിക്കുന്നു.

രണ്ടു രണ്ട് നാഥന്മാര്ക്കും മലയാളം അ റിയില്ല. കേട്ടാല് മനസ്സിലാകും അത്രതന്നെ.

ഒരു കോഴിക്കാല് കടിച്ചുപറിക്കുന്നതിനി ടെ രാജേഷ് പയ്യനോട് പറഞ്ഞു ‘നീനു മ ലയാളം കലിബേക്കു. ചെന്നാകി കല്തൂ പി എസ് സി പരീക്ഷ ബരിയ ബേകു. ബേക കെല്ത്രെ സര്ക്കാരി കെലസ സിഗബൌ തു. ആദ്രെ നമ്മഗെ ഇല്ലിഗെ ബര്ബേക്കാ ഗി ബര്ലിക്കില്ല.” (നീ മലയാളം പഠിക്കണം. നന്നായി പഠിച്ച് പി എസ് സി പരീക്ഷ പാ സ്സായാല് സര്ക്കാര് ജോലികിട്ടും. അപ്പോ ള് ഞങ്ങള്ക്ക് ഇവിടെ വരേണ്ടി വരില്ല.)

ലഹരിയുടെ വേലിയേറ്റത്തിൽ അവന് അ കമ്പടിയായി രാജേഷും ദിനേശനും കന്ന ഡയില് എന്തൊക്കെയോ പറയുന്നുണ്ട്. ഇ വരൊക്കെ എന്നാണ് ഇങ്ങനെ കന്നട പറ യാന് പഠിച്ചത്, ഇതിന് മുന്പ് കേട്ടിട്ടില്ലല്ലോ അതും നല്ല ഒഴുക്കോടെ ഞാന് ആശ്ചര്യ

പ്പെട്ടു.

പാനോപചാരത്തിന്റെ പരിസമാപ്തിയിൽ പരിചിതമില്ലാത്ത ആംഗ്യ വിക്ഷേപങ്ങളോടെ ഏതോ ഭാഷയിൽ വിനോദ് സംസാരിക്കാൻ തുടങ്ങി. തുളു, കന്നട, തമിഴ് മലയാളം എന്നു വേണ്ടാ സപ്തഭാ ഭാഷകളുടേയും സമ്മിശ്ര രൂപത്തിൽ ഒരു സങ്കര ഭാഷാ പിറവി ഉയിർ കൊള്ളുകയായിരുന്നു അവിടെ. അതും നല്ല ഒഴുക്കോടെ. ഇടയ്ക്കിടെ യക്ഷഗാനത്തിലെ ശ്രീപരമേശ്വരനെ പോലെ പ്രച്ഛണ്ഡ ചലനങ്ങളും ചടുല ഭാഷണവും.

രണ്ടെണ്ണം ഉള്ളില് ചെന്നാല് കന്നടയല്ലാ ജര്മ്മനും ലാറ്റിനും വരെ പറയും. ഹേമന്ത് ഒരിക്കല്പറഞ്ഞത് ഞാനോര്ത്തു.

ഞങ്ങളിൽ ലഹരി തൊടാത്തവർ ചമ്മലോടെ പരസ്പരം നോക്കി. ഞാൻ അടുത്തിരുന്ന ഹേമന്തിനെ തോണ്ടി സ്വരം അടക്കി പറഞ്ഞു..... രക്ഷയില്ലാ. ഇനി എത്രയും പെട്ടെന്ന് സ്ഥലം കാലിയാക്കുക, അതേ നിവൃത്തി ഉള്ളൂ. ഇപ്പോള് തന്നെ ഓവറായി, ഞങ്ങള് നിര്ബന്ധിച്ച് അവരെ എഴുന്നേല്പ്പിച്ചു. മുറിയില് നിന്നും പുറത്തിറങ്ങി.

അകത്ത് നടുത്തളത്തില് ഭക്തി പൂരിതമായ അന്തരീക്ഷം.

വാതിലിന് നേരെ ചുമരിൽ ചാരി ദൈവങ്ങളുടെ ഫോട്ടോ. മുന്നിൽ എരിയുന്ന നിലവിളക്കും ചന്ദനത്തിരികളും. മൂന്ന് പീഠങ്ങളിലായി സ്വർണക്കരയുള്ള പുത്തൻ മുണ്ടുകൾ മടക്കി അതിൽ വെറ്റില അടയ്ക്ക നാണയം ഇത്യാദികൾ വച്ചിരിക്കുന്നു. അതിനടുത്ത് മൂന്ന് തൂശനിലയിൽവിഭവങ്ങൾ, മദ്യം ഉൾപ്പടെ. ഞങ്ങൾക്ക് വിളമ്പിയ അതേ വിഭവങ്ങള്. സ്ത്രീകൾ അടുക്കളയിലും നടുത്തളത്തിലുമായി നിന്ന് സ്വരം താഴ്ത്തി സംസാരിക്കുന്നുണ്ട്. ജ്യേഷ്ഠൻ ഓരോരുത്തരെ പരിചയപ്പെടുത്തി. അമ്മ, അക്കാ, അമ്മൂമ്മ ഭാര്യ. എല്ലാവരും വൃത്തിയുള്ള വസ്ത്രം ധരിച്ച് കുറിവരച്ച് ജമന്തി പൂ ചൂടിയിട്ടുണ്ട്.

ലിങ്കപ്പ ഭയത്തോടെ എന്ന പോലെ ചൂളിയാണ് നിൽക്കുന്നത്. അവന്റെ ഭാര്യ വാണി അവനേക്കാൾ നന്നായി സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ട്.

ഞങ്ങൾ പുറത്തിറങ്ങികൈ കഴുകി.

മുറ്റത്തുനിന്ന് എല്ലാവരോടും നന്ദിവാക്കുകൾ പറഞ്ഞു. പ്രത്യേകിച്ച് ജ്യേഷ്ഠനോടും വാണിയോടും.

അമ്മമാരെ പരിചയപ്പെടാനെന്നുപറഞ്ഞ് പുറകേവ വന്ന വിനോദും രാജേഷും വീണ്ടും അകത്തേക്ക് കയറി. അവർ കുപ്പിയിൽ ബാക്കി ഉണ്ടായിരുന്നത് തഞ്ചത്തിൽ വിഴുങ്ങിയാണ് തിരികെ വന്നത്.

മൈതാനം കുറുകെ കടന്നാൽ കഷ്ടിച്ച് ഒരു കിലോമീറ്റർ, നടക്കാനുള്ള ദൂരമല്ലേയുള്ളൂ. ഈ രാത്രിയിൽ ഇനി വണ്ടി ഓടിക്കേണ്ട ഞാൻ ലിങ്കപ്പയോട് ശഠിച്ചു.

തിരിച്ച് നടക്കുമ്പോൾ ആട്ടിക്കറുപ്പ് തുടം വച്ചിരുന്നു. മലയിറങ്ങി വന്ന് ഓരിയിടുന്ന കുറുനരികളെ കേട്ട് തെണ്ടിപ്പട്ടികൾ കലപില കൂട്ടുന്നുണ്ടായിരുന്നു. മഴ പെയ്യാനുള്ള ചെറിയ ലാഞ്ചന പോലെ ഒരു തണുത്ത കാറ്റ്. ധർമ്മ നഗറിലെ ഗോളി മരത്തിന്റെ ഇലച്ചാർത്തിൽ അത് കയ്യടിക്കും പോലെ ഒച്ചയിട്ട് കടന്നു പോക്കുന്നു.ദൈവത്തറയിലെഅന്തിത്തിരി എപ്പോഴോ അണഞ്ഞിരുന്നു. ഉല്ലാല്ച്ചി ദേവി ഗാഢ നിദ്രയിലാണ്ടിരുന്നു

കൊഴുത്ത ഇരുട്ടിലൂടെ പഞ്ചായത്ത് മൈതാനി മുറിച്ച് കടന്ന് മുറിയിലേക്ക് നടക്കുമ്പോൾ; സോഡങ്കൂര് മലയിലെ രാത്രിഞ്ചരന്മാരുടെ ഓരിയിടല് കേട്ട് ധര്മനഗറിലെ തെണ്ടിപ്പട്ടികള് കലപില കൂട്ടി.

പരലോകത്തു നിന്നും പരകായ പ്രവേശം ചെയ്ത മൂന്ന് നാല് ആത്മാക്കള് ഉണ്ട് നിറഞ്ഞ്, ഉറയ്ക്കാത്ത കാലടി വച്ച്, ഇഹലോക സഞ്ചാരം നടത്തുന്നത് കണ്ടിട്ടാകണം; ലിങ്കപ്പ പൂജാരിയും വീട്ടുകാരും പിതൃസാന്നിധ്യത്തിന്റെ പുണ്യം നുകര്ന്ന് സായൂജ്യത്തോടെ വിളക്കണച്ച് ഉറങ്ങാന്കിടന്നു.

●

കവിത



# ഉയിരൂരിയവൾ

## ആന്റണി കൈതാരത്ത്

ഇന്നലെ,
എന്റെ കവിതക്ക് ചെവിപാർത്ത്
പിറകിലെതൂണു ചാരി
നിൽപ്പുണ്ടായിരുന്നു, അവൾ
കവിവാക്ക് ഓരോന്നും
അവളോട്മിണ്ടുന്നതും
അവൾ മൗനത്തിലാഴുന്നതും
സ്വപ്നങ്ങൾ ഇമയുന്നതും
എനിക്ക് കാണാമായിരുന്നു.
ഇന്ന്
പെട്ടെന്ന്, വളരെ പെട്ടെന്ന്
അവളെ കാണാതാവുകയായിരുന്നു
വർത്തമാനം കേട്ട് അമ്പരന്ന
ഊരാളുകൾ
മൂക്കിൽ വിരൽ വെക്കുകയും
താടിക്ക് കൈകൊടുക്കയും ചെയ്തു
പാപ്പുവമ്മയായിരുന്നു
അവളെ അവസാനം കണ്ടത്
അവൾ, ഭഗവതിയെ
തൊഴുതു നിൽക്കയായിരുന്നു
പെട്ടെന്ന്, അവളുടെ ശരീരം
ഉലയുകയും ഉറയുകയും ചെയ്തുവത്രേ
ഭഗവതീ, എന്നെ നീ കാത്തുവെന്ന്
ചിരിച്ചുറക്കെ പറഞ്ഞ്
അവൾ, തിരുനടയിൽ നിന്നും
തിടുക്കപ്പെട്ട് തിരിച്ചു നടന്നുവത്രേ
പാപ്പുവമ്മയുടെ
എഴുപതു കഴിഞ്ഞ കണ്ണുകൾ
അവിടെയെങ്ങും തിരഞ്ഞിട്ടും
അവളെ കണ്ടതേയില്ലത്രേ
കെട്ടി, ഈ നാട്ടിലെത്തിയിട്ട്
ഒരാണ്ടുവട്ടം പോലുമായില്ലല്ലോ
ഊരുകൂട്ടം വട്ടത്തിലിരുന്ന് വിലപിച്ചു
ഇനി...അങ്ങനെയെങ്ങാനുമായിരിക്കുമോ
കൂട്ടത്തിലൊരാൾ സന്ദേഹിച്ചു.
സന്ദേഹം തീർക്കാൻ
ഊരാൺപ്രജകളുടെകാനേഷുമാരി നടത്തി
ആൺപ്രജകൾ ഊരിൽ തന്നെയുണ്ട്
സന്ദേഹം, തെറ്റെന്ന് തെളിഞ്ഞു
വരത്തനൊരുത്തനുമായി
അവൾ ഒളിച്ചോടിപ്പോയെന്ന്
ഊരുകൂട്ടം തീർപ്പാക്കി
അവളുടെ ഉടയാത്ത ഉടലിൽ
നയനാരതി ഉഴിഞ്ഞിരുന്ന
ഊരുവായ്നോക്കി മിഴികളിലെനൈരാശ്യം
ഊരുകൂട്ടം കണ്ടില്ലെന്ന് നടിച്ചു
അമ്പലനടയിൽ നിന്നും
വീട്ടിലേക്ക് മടങ്ങുമ്പോൾ,
കവിതകളുംസ്വപ്നങ്ങളും ഉപേക്ഷിച്ച്
അവളെങ്ങുപോയെന്ന ചിന്തയായിരുന്നു
കുളിപ്പുരയിൽ തെളിനീര്
തലയിൽ തൂവുമ്പോഴാണ്
'കവിയങ്കിളേ'
എന്ന വിളി കേൾക്കുന്നത്
ഇടിമിന്നലൊന്ന്
പെരുവിരൽ മുതൽ ഉച്ചിവരെ
ഞെട്ടലായി ഇരച്ചു കയറി
തോർത്ത് അരയിൽ വാരിച്ചുറ്റി
കുതിച്ച് പുറത്തു ചാടി
ശൂന്യമാം വീടതുമാത്രം മുന്നിൽ
കിലകിഞ്ജിത ചിരിയും
ശിഞ്ജിതധ്വനി ഭാഷണവും
മനസ്സിൽ മുഴങ്ങിയപ്പോൾ
ഇരുപ്പുറച്ചില്ല
നേരെ, അവളുടെ വീട്ടിലേക്ക് നടന്നു
വീടകത്തേക്കു കാലുവെച്ചപ്പോൾ
കവിയങ്കിളേ എന്ന വിളി വീണ്ടും
മുന്നിലെ ചെറുമേശയിലിരുന്ന്
ഒരു ദൃഭാഷണ ചിമിഴ് സംസാരിക്കുന്നു
കവിയങ്കിളേ,
ഉടലൂരി പുറത്തിട്ട്
ഉയിര് ഇതിനുള്ളിൽ ഒതുക്കി ഞാൻ
ഇന്ന്, എൻറെ മണിവീണ
പാടാൻ മറന്നപ്രണയ സങ്കീർത്തനങ്ങൾ പാടുന്നു
അവന്റെ വിരലുകൾ എന്നേരവും
എൻറെ നഗ്നമേനിയിൽകുളിരായി ഇഴയുന്നു
തനിച്ചിരുത്തങ്ങളുടെ മടുപ്പ്, ഇന്നില്ല
കൂടെയിരുന്ന്, അവനെപ്പോഴും ചാറ്റ് ചെയ്യുന്നു
ലൈക്കുകളുടെ രോമാഞ്ചം കൊണ്ട്
ഇന്നവൻ എന്നെ പുതപ്പിക്കുന്നു.
ഇമോജികളിൽ
അവന്റെ ഭാവഭേദങ്ങൾ കണ്ട്
ഞാൻ വിസ്മയിക്കുന്നു.
കിലകിഞ്ജിത ചിരിയോടൊപ്പം
ആ ശിഞ്ജിത ധ്വനി
മുഴങ്ങി കൊണ്ടേയിരുന്നു
അവളുടെ വീടിറങ്ങുമ്പോൾ
നോവ്, ഉള്ളത്തിൽ കനലെരിച്ചു-
ഉയിര്, ഊരാൻ കഴിയാതെ
ഉടലിൽ ഉരുകി തീരുന്ന
പെണ്ണുടലുകളെ ഓർത്ത്......